പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തെ (Self Financing) മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Jitto Jose-നെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും നിലവിൽ മൂവാറ്റുപുഴ നിർമല കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമായ Dr. Nidhi P. Ramesh-ന്റെ ഗവേഷണ മാർഗദർശിത്വം കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലേക്ക് മാറ്റുന്നതിനും, അതോടൊപ്പം Dr. Nidhi P.Ramesh-ന്റെ കീഴിൽ ഗവേഷണം നടത്തുന്ന Merin C. Kuriakose-ന്റെ (MGUPHD240235) ഗവേഷണ കേന്ദ്രം കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലേക്ക് മാറ്റുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 78/26.05/133935/AD A4-4/2021** **സർവ്വകലാശാല എൻജിനീയറിംഗ് യൂണിറ്റ് – പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനായുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഓവർസിയർ ഗ്രേഡ് 1 സിവിൽ തസ്തികയിലെ ഒഴിവുകൾ PSC മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് – സ്ഥാനക്കയറ്റങ്ങൾ നൽകുന്നതിന് സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് – സംബന്ധിച്ച്.**

1. സർവ്വകലാശാല ഉത്തരവ് നം. 8570/ AD A 4/2025/ MGU Dtd 12.09.2025 ആധാരമാക്കി അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഭാവിയിൽ ആദ്യം ഉണ്ടാകുന്ന ഒഴിവ് PWD മാന്വൽ പ്രകാരമുള്ള ഓവർസിയർ ഗ്രേഡ് 1 തസ്തികയിലുള്ളവരിൽ നിന്നുള്ള സ്ഥാനക്കയറ്റത്തിനു വേണ്ടിയും രണ്ടാമത്തെ ഒഴിവ് PSC വഴി നേരിട്ടുള്ള നിയമനത്തിനു വേണ്ടിയും എന്ന ക്രമത്തിൽ, 50:50 അനുപാതത്തിൽ, മാറ്റിവെക്കുന്നതിനും

2. ഭാവിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പരിഗണിക്കുന്നതിനായി ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തികയിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് വേണ്ടി ഒരു സർക്കുലർ കൂടി പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 79/26.05/34167/ELECTION SECTION-2/2026** **ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സെനറ്റ് പുനഃസംഘടന – മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സെനറ്റിലേക്ക് മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ഡോ. ബിജു എം.കെ., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്-നെ നാമനിർദ്ദേശം ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 80/26.05/83723/AD A3-4/2023** **ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്കുള്ള പ്രത്യേക ആകസ്മികാവധി 90 ദിവസങ്ങളായി ഉയർത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്കുള്ള പ്രത്യേക ആകസ്മികാവധി 90 ദിവസങ്ങളായി ഉയർത്തിയും പ്രസ്തുത ആനുകൂല്യം ഹൃദയ വാൽവ് മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്ക് കൂടി അനുവദിച്ചുകൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് GO(P) No.2/2026/P&ARD, Dated 28.02.2026 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/26.05/49153/AD A3-4/2021** **കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ജീവനക്കാർക്ക് പ്രസവാവധി ആനുകൂല്യങ്ങളും miscarriage അവധി ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ജീവനക്കാർക്ക് പ്രസവാവധി ആനുകൂല്യങ്ങളും miscarriage അവധി ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് സർക്കാർ

പുറപ്പെടുവിച്ച ഉത്തരവ് സ.ഉ (അച്ചടി) നം.34/2026/ധന,തീയതി 02.03.2026 സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 82/26.05/123155/AD A7-2/2025** **സെന്റർ ഫോർ യോഗ & നാച്ചുറോപതി (CYN) - Yoga Practice: A Handbook for Higher Education എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണവും വില്പനയും - പരാതി സംബന്ധിച്ച് :-**

30.04.2026-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനംനമ്പർ 108/26.04/116361/AC A8-3/2025 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷന്റെ പരിധിയിൽ പ്രസ്തുത വിഷയവും ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/26.05/125848/AD A1-1/2025** **ആശ്രിതനിയമനത്തിനുള്ള ഒഴിവുകൾ മാറ്റിവെയ്ക്കാതെ സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തത് - ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച വിശദീകരണം - സർവകലാശാല സിൻഡിക്കറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ആശ്രിത നിയമനത്തിനുള്ള ഒഴിവുകൾ മാറ്റിവെയ്ക്കാതെ സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരായ ശ്രീ അനൂപ് എസ്., ശ്രീമതി മഞ്ജു എസ്. നായർ, ശ്രീ ബിനോയ് എ.ആർ. എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ അംഗീകരിക്കുന്നതിനും തുടർനടപടികളിൽ നിന്ന് ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 84/26.05/23487/AD A1-1/2024** **ശ്രീമതി ഷോഭ പി ആന്റണി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ- KSR Part I, Rule 110B, appendix XII A പ്രകാരം അനുവദിച്ച അവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് - ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - സർവകലാശാല സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ശ്രീമതി ഷോഭ പി. ആന്റണി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, KSR Part I, Rule 110B, appendix XII A പ്രകാരം അനുവദിച്ച അവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് സംബന്ധിച്ച്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 ചാപ്റ്റർ IV പാർട്ട് III ലെ സെക്ഷൻ 35 B (vi) പ്രകാരമുള്ള നിർബന്ധിത വിരമിക്കലിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/26.05/54868/AD B4-1/2024** **സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നും സെക്ഷനുകളിൽ നിന്നും, 2025-26 ലെ വാങ്ങലുകളുമായി ബന്ധപ്പെട്ട് ആവശ്യ സാധനങ്ങൾ സർവകലാശാല പർച്ചേസ് കമ്മിറ്റിയിൽ സമർപ്പിക്കുകയും Interactive Panel - കളുടെ നിലവിലെ കണക്കെടുത്തതിന് ശേഷം തീരുമാനിക്കുന്നതിനും 15.12.2025 തീയതിയിൽ കൂടിയ പർച്ചേസ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട് - സിൻഡിക്കറ്റ് തീരുമാനം - തേടുന്നത് - സംബന്ധിച്ച് :**

സർവകലാശാലയിലെ വിവിധ പഠന വകുപ്പുകൾ ആവശ്യപ്പെട്ടിരിക്കുന്ന Interactive Panel-കൾ, നിലവിൽ ഇന്ററാക്ടിവ് പാനലുകൾ ഇല്ലാത്തതോ നാമമാത്രമായ എണ്ണം പാനലുകൾ മാത്രമുള്ളതോ ആയ വകുപ്പുകൾക്കു/സെന്ററുകൾക്ക് മുൻഗണന നൽകി താഴെകൊടുത്തിരിക്കുന്ന പട്ടിക പ്രകാരം GeM /ടെൻഡർ മുഖേന വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

| Sl.No. | Department/School/Centre | Number of panels permitted to be purchased |
|---|---|---|
| 01 | Centre for Distance and Online Education | 1 |
| 02 | School of Letters | 1 |
| 03 | School of Artificial Intelligence and Robotics | 2 |
| 04 | School of International Relations and Politics | 1 |
| 05 | National Institute of Plant Science Technology | 1 |

| | | |
|---|---|---|
| 06 | School of Management and Business Studies | 2 |
| 07 | School of Environmental Sciences | 1 |
| 08 | School of Computer Sciences | 2 |
| 09 | Centre for Yoga and Naturopathy | 1 |

**ഇനംനമ്പർ 86/26.05/122360/AC A1-2/2025 (Part III)** **സ്വയംഭരണ കലാലയങ്ങളിൽ നിന്നും ഈടാക്കുന്ന ഫീസ് ഇനങ്ങൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച്**

സ്വയംഭരണ കലാലയങ്ങളിൽ നിന്നും ഈടാക്കുന്ന ഫീസ് ഇനങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്, സർവ്വകലാശാല ഉത്തരവ് നം. 3614/ACA1/2026/MGU തീയതി 01.04.2026 താഴെ കൊടുത്തിരിക്കുന്നത് പ്രകാരം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

| **ഫീ ഇനങ്ങളിൽ കൂട്ടിച്ചേർക്കേണ്ടത്** | | |
|---|---|---|
| Sl.NO | Fee Head | Fee Rate |
| 1 | Syllabus revision fee (Second time onwards) - 10% of the Syllabus approval fee UG (Four year) | 3310 |
| 2 | Fee for accepting University syllabus UG (Four year) | Nil |

| **ഒഴിവാക്കേണ്ട ഫീ ഹെഡുകൾ** |
|---|
| Sl No.11 – Course affiliation fee BVoc Aided<br>Sl No.12 – Course affiliation fee BVoc SF<br>Sl No.22 – Affiliation fee at the conferment of autonomous status UG<br>Sl No.23 – Affiliation fee at the conferment of autonomous status PG<br>Sl No.24 – Extension of Provisional affiliation of Unaided courses |

**ഇനംനമ്പർ 87/26.05/30516/AD A5-4/2026** **ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ (DSW) കൈകാര്യം ചെയ്യുന്ന MGU Campus Student Aid Fund & SILT DSU പ്രവർത്തനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി പുതിയ ഒരു ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്.-**

ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ (DSW) കൈകാര്യം ചെയ്യുന്ന MGU Campus Student Aid Fund & SILT DSU പ്രവർത്തനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 88/26.05/103678/AD A9-2/2025** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) -2024-25 ഖേലോ ഇന്ത്യ മത്സരങ്ങളുടെ നടത്തിപ്പിലേക്കായി താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ച ₹21,00,000/-(ഇരുപത്തൊന്ന് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

1. 2024-25 വർഷത്തിലെ ഖേലോ ഇന്ത്യ മത്സരങ്ങളുടെ നടത്തിപ്പിനായി ആകെ ചെലവഴിച്ച ₹14,36,874/- (പതിനാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ മാത്രം) അംഗീകരിക്കുന്നതിനും,

2. അനുവദിച്ച മുൻകൂർ തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുകയായ ₹6,53,710/- (ആറ് ലക്ഷത്തി അൻപത്തി മൂവായിരത്തി എഴുനൂറ്റി പത്ത് രൂപ മാത്രം) സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,

3. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അനുവദനീയമല്ലാത്ത തുകയായ ₹9,416/- (ഒൻപതിനായിരത്തി നാന്നൂറ്റി പതിനാറ് രൂപ മാത്രം) സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,

4. സർവകലാശാല ഉത്തരവ് നമ്പർ: 9960/AD A 9 /2025/ എം ജി യു, തീയതി :27.10.2025, സർവകലാശാല ഉത്തരവ് നമ്പർ: 10197/AD A 9/2025/എം ജി യു തീയതി 03.11.2025 എന്നിവ പ്രകാരം SPESS ലെ വകുപ്പുമേധാവി (In Charge ) ആയിരുന്ന ഡോ. ഇസ്മയിൽ താമരശ്ശേരിയുടെ പേരിൽ താത്കാലിക മുൻകൂർ തുക അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് ഡോ. ബിനു ജോർജ് വർഗീസിന്റെ പേരിൽ സർവകലാശാല ഉത്തരവ് നമ്പർ: 10735/AD A 9/2025/എം ജി യു തീയതി 15.11.2025 പ്രകാരം 2024 -25 വർഷത്തിലെ ഖേലോ ഇന്ത്യ മത്സരങ്ങളുടെ നടത്തിപ്പിനായി ₹ 21,00,000/- (ഇരുപത്തി ഒന്ന് ലക്ഷം രൂപ

മാത്രം) താത്കാലിക മുൻകൂർ തുക അനുവദിച്ചത് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 401 58- Intercollegiate/Inter Uty Tournament എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും,

5. സർവകലാശാലാ ഉത്തരവ് നം 9960/AdA 9/2025/MGU തീയതി 27/10/2025, ഉത്തരവ് നം 10197/AdA 9/ 2025/MGU തീയതി 03/11/2025 പ്രകാരം SPESS വകുപ്പ് മേധാവി (i /c) ആയിരുന്ന ഡോ. ഇസ്മയിൽ താമരശ്ശേരി യുടെ പേരിൽ അനുവദിയ്ക്കുകയും പിന്നീട് 15/11/2025 ലെ സർവകലാശാലാ ഉത്തരവ് നം 10735/AdA 9/ 2025/MGU പ്രകാരം ബാധ്യതകൾ ഉൾപ്പടെ 21,00,000 രൂപ (ഇരുപത്തൊന്നുലക്ഷം രൂപ മാത്രം) യുടെ പ്രസ്തുത മുൻകൂർ തുക നിലവിലെ SPESS ഡയറക്ടർ ആയ ഡോ. ബിനു ജോർജ് വർഗീസ് ന്റെ പേരിൽ മാറ്റി അനുവദിച്ചത് നടപ്പ വർഷത്തെ ബഡ്ജറ്റിലെ 22 401 58 Inter collegiate, Inter University Tournament എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 89/26.05/1623/DSW 1/2026** **സർവ്വകലാശാല യൂണിയൻ (2024-25) ന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 02,03 തീയതികളിൽ നാടകോത്സവം നടത്തിയതിന്റെ ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുക അനുവദിച്ചതിൽ, അധികമായി ചെലവഴിച്ച തുക തിരികെ നൽകുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവകലാശാലാ യൂണിയൻ (2024-25)-ന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 02, 03 തീയതികളിൽ നാടകോത്സവം നടത്തിയതിന്റെ ആകെ ചെലവായി 6,46,928/- രൂപ (ആറുലക്ഷത്തി നാല്പത്താറായിരത്തി തൊള്ളായിരത്തി ഇരുപത്തെട്ട് രൂപ മാത്രം) അംഗീകരിക്കുന്നതിനും, അധികമായി ചെലവഴിച്ച 46,928/- രൂപ (നാല്പത്താറായിരത്തി തൊള്ളായിരത്തി ഇരുപത്തെട്ട് രൂപ മാത്രം) തിരികെ അനുവദിച്ച നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 90/26.05/103680/INTERNAL AUDIT 2-3/2025** **പി എച്ച് ഡി യുടെ കോഴ്സ് വർക്ക് പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ട്, ഹാജർ കുറവായതിനാൽ പരീക്ഷ എഴുതാൻ കഴിയാഞ്ഞതിനാൽ ടി തുകയും, അർദ്ധവാർഷിക സെമസ്റ്റർ ഫീസിനത്തിൽ അടച്ചിട്ടുള്ള തുകകളും റീഫണ്ട് ചെയ്യുന്നത് - സംബന്ധിച്ച്**

പാലാ, സെന്റ് തോമസ് കോളേജ് കേന്ദ്രമാക്കി പി എച്ച് ഡി Political Science Research Scholar ആയ MONISHA MOHANAN (PRN: MGUPHDR220771) ന്റെ സാമ്പത്തിക പരാധീനതയും വീട്ടിലെ സാഹചര്യവും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ടിയാൾ അടച്ച കോഴ്സ് വർക്ക് പരീക്ഷ ഫീസ് റീഫണ്ട് ചെയ്ത നൽകുന്നതിനും എം.ജി.യു. പിഎച്ച്.ഡി. റെഗുലേഷൻ 2016 പ്രകാരം, ആറുമാസം കൂടുമ്പോൾ ഓരോ വിദ്യാർത്ഥിയും ഗവേഷണ പുരോഗതി വിലയിരുത്തുന്ന അർദ്ധ വാർഷിക പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും, ഇതോടൊപ്പം സെമസ്റ്റർ ഫീസ് അടക്കേണ്ടുന്നതുമാണ് എന്നതിനാൽ അർദ്ധവാർഷിക സെമസ്റ്റർ ഫീസിനത്തിൽ അടച്ചിട്ടുള്ള തുക തിരികെ നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 91/26.05/12605/EH 8-1/2026/EH 8 (M.A)** **കോളേജുകളിൽ നിന്നും ഇന്റേർണൽ മാർക്ക് സമർപ്പിച്ചതിനു ശേഷം അത് തിരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നത് സംബന്ധിച്ച്**

ബന്ധപ്പെട്ട കോളേജുകൾക്ക് ഇന്റേണൽ മാർക്ക് സമർപ്പിക്കുമ്പോൾ തെറ്റുകൾ വരാതിരിക്കുവാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ് എന്ന കർശനമായ നിർദ്ദേശം നൽകുന്നതിനും പരീക്ഷാഫല പ്രസിദ്ധീകരണത്തിനുശേഷം ഇന്റേണൽ മാർക്ക് തിരുത്തുന്നതിന് സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പിഴ ഈടാക്കി മാത്രം അനുവാദം നൽകുന്നതിനും കൂടുതൽ തവണ ആവർത്തിക്കുന്നപക്ഷം ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാളിന്റെ അംഗീകാരം റദ്ദാക്കുമെന്ന മുന്നറിയിപ്പ് നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 92/26.05/20212/AC B7-1/2026** **തിരുവല്ല, മക്ഫാസ്റ്റ് സ്വയംഭരണ കോളേജിന്റെ പരീക്ഷാ മാനുവലിൽ സർവ്വകലാശാലയുടെ അഭിപ്രായം രേഖപ്പെടുത്തുന്നത് സംബന്ധിച്ച് -**

സർവ്വകലാശാലാ പരീക്ഷ മാനുവലിൽ നിന്നും വിഭിന്നമായ കോളേജ് പരീക്ഷാ മാനുവലിലെ വ്യവസ്ഥകൾ സർവ്വകലാശാലാ പരീക്ഷാ മാനുവലിന് സമാനമായ രീതിയിൽ പരിഷ്ക്കരിച്ച് സമർപ്പിക്കുന്നതിന് തിരുവല്ല മാക്ഫാസ്റ്റ് സ്വയംഭരണ കോളേജിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 93/26.05/24669/CBCSS 10-1/2026** **FYUGP – II SEMESTER APRIL 2026 പരീക്ഷയുടെ ഫീസ് നിശ്ചിത തീയതിക്കുള്ളിൽ അടക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് MANGALAM MC VARGHESE COLLEGE OF ARTS & SCIENCE, ETTUMANOOR പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

പരീക്ഷാഫീസിന് പുറമെ സൂപ്പർഫൈൻ ഈടാക്കിയ സാഹചര്യം പരിഗണിച്ച് വീണ്ടും ഒരു കോഴ്സിന് 200 രൂപ വീതം ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 94/26.05/28198/AC B7-2/2026** **കുറവിലങ്ങാട് ദേവമാതാ സ്വയംഭരണ കലാലയത്തിലെ പരീക്ഷാ മാനുവലിൽ സർവ്വകലാശാലയുടെ അഭിപ്രായം രേഖപ്പെടുത്തുന്നത് – സംബന്ധിച്ച്**

സർവ്വകലാശാലാ പരീക്ഷ മാനുവലിൽ നിന്നും വിഭിന്നമായ കോളേജ് പരീക്ഷാ മാനുവലിലെ വ്യവസ്ഥകൾ സർവ്വകലാശാലാ പരീക്ഷാ മാനുവലിന് സമാനമായ രീതിയിൽ പരിഷ്ക്കരിച്ച് സമർപ്പിക്കുന്നതിന് കുറവിലങ്ങാട് ദേവമാതാ സ്വയംഭരണ കോളേജിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 95/26.05/116529/EJ 12-1/2025** **ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിലെ അപാകത -അദ്ധ്യാപികക്കെതിരെ ശിക്ഷാനടപടി സംബന്ധിച്ച് :-**

പരീക്ഷകളിൽ ഒന്നാം പുനർമൂല്യനിർണയം നടത്തിയ അദ്ധ്യാപികയായ Smt. Juna Teslin Mathew (Asst. Professor, St. Joseph's College, Moolamattom)-ൽ നിന്നും 500 രൂപ പിഴ ഈടാക്കുന്നതിനും ടിയാളെ അടുത്ത മൂന്നുവർഷത്തേക്ക് സർവ്വകലാശാല എക്സാമിനർഷിപ്പിൽനിന്നും ഡീബാർ ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 96/26.05/53810/AC A4-2/2024** **പഞ്ചവത്സര ബി.എ/ ബി.കോം /ബി.ബി.എ – എൽ.എൽ.ബി പ്രോഗ്രാം – 2011 റെഗുലേഷൻ – സർവകലാശാല ഉത്തരവ് നമ്പർ 2452/AC A4/2024/MGU തീയതി 18.03.2024, പ്രകാരമുള്ള ഇന്റേണൽ റീഡു – അവസരം വിവിധ കാരണങ്ങളാൽ യഥാസമയം വിനിയോഗിക്കാൻ സാധിക്കാത്ത വിദ്യാർഥികളുടെ ഇന്റേണൽ റീഡു അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് :-**

പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ–എൽ.എൽ.ബി പ്രോഗ്രാം 2011 റെഗുലേഷൻ സർവകലാശാല ഉത്തരവ് നമ്പർ 2452/AC A4/2024/MGU തീയതി 18.03.2024, പ്രകാരമുള്ള ഇന്റേണൽ റീഡു അവസരം വിവിധ കാരണങ്ങളാൽ യഥാസമയം വിനിയോഗിക്കാൻ സാധിക്കാത്ത വിദ്യാർഥികളുടെ അപേക്ഷ പരിഗണിച്ച് ഇന്റേണൽ റീഡു ചെയ്യുന്നതിന് രണ്ട് അവസരങ്ങൾ നൽകിയിട്ടും ഉപയോഗിക്കാൻ സാധിക്കാതെ പോയവർക്ക് 2026 വർഷാവസാനം ഒരു അവസരം കൂടി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 97/26.05/18041/DSW SO/2026** **മഹാത്മാഗാന്ധി സർവ്വകലാശാല – ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ – മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് യൂത്ത് ഫെസ്റ്റിവൽ 2026 "INAIMAI – 2026" സ്റ്റിയറിംഗ് കം അപ്പലൈറ് കമ്മിറ്റി 06.03.2026 തീയതിയിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് യൂത്ത് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് സ്റ്റേജ് മാനേജർമാരായി നിയമിതരായ രണ്ട് അധ്യാപകർ കടമനിർവഹണത്തിലെ ഗൗരവമായ വീഴ്ച വരുത്തിയ വിഷയം സിൻഡിക്കേറ്റിന്റെ അന്തിമ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് – സംബന്ധിച്ച്.-**

സർവ്വകലാശാല നിയോഗിക്കുന്ന ജോലികൾ ഏറ്റെടുക്കാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ അദ്ധ്യാപകരുടെ നടപടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. ജോജി അലക്സ്, ശ്രീ ഹരികൃഷ്ണൻ പി. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 98/26.05/9372/EH 11-3/2026** **ഉദുത്തികാട് ബി എ എം കോളേജിലെ Neethu Mary Varughese (PRN-180011024485) എന്ന വിദ്യാർത്ഥിയുടെ നാലാം സെമസ്റ്റർ പി ജി സി എസ് എസ് സപ്ലിമെന്ററി മെയ് 2025 പരീക്ഷഫലം പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്**

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗമായ ഡോ. എ.എസ്. സുമേഷ്-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 99/26.05/14968/AC A3-3/2025** **നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്ക് NSS/NCC/Cultural Activities/Sports & Games തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഗ്രേസ് മാർക്ക് സംസ്ഥാന വ്യാപകമായി എല്ലാ സർവകലാശാലകളിലും ഏകീകൃത രീതിയിൽ അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ – സംബന്ധിച്ച്**

സ.ഉ. നം. 8493/AC A3/2025/എം.ജി.യു. തീയതി 11.09.2025 പ്രകാരം രൂപീകൃതമായ സിൻഡിക്കേറ്റ് സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

## (III) മുൻ ഇനങ്ങൾ

**ഇനംനമ്പർ 61/26.03/81649/AC A6-3/2025** **മാല്യങ്കര, SNM കോളേജിലെ ബോട്ടണി വിഭാഗം ഗവേഷണ കേന്ദ്രത്തിന് മികവിന്റെ കേന്ദ്രമായി അംഗീകാരം നൽകുവാനുള്ള അപേക്ഷ- ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട്, SNM കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച വിശദമായ പ്രപോസൽ എന്നിവ – സിൻഡിക്കേറ്റിന്റെ പരിഗണയ്ക്കു സമർപ്പിക്കുന്നത് – സംബന്ധിച്ച്**

Item Deferred.

## അഡീഷണൽ അജൻഡ

**(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നവ:**

**ഇനംനമ്പർ 100/26.05/53339/AD A3-4/2022** **സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2025-2026 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വിൽപ്പന (Periodical surrender of earned leave) 01/04/2025 പ്രാബല്യത്തിൽ പി.എഫ്. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ പുറത്തെഴുത്ത് നം. 53339/AD A3-4/2022/ADMIN, തീയതി 05.04.2025 പ്രകാരം നടപ്പിലാക്കിയിരുന്നു. അതിനു തുടർച്ചയായി ആർജ്ജിതാവധി വിൽപ്പനയ്ക്കുള്ള കാലാവധി 31.05.2026 വരെ നൽകി G.O.(P) No.56/2026/Fin, Dated, 15.03.2026 ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവ്, വൈസ് ചാൻസലരുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്തും (നം. 53339/AD A3-4/2022/ADMIN, തീയതി 21.04.2026) സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 101/26.05/1098/ACA16-2/2026**

**Bachelor of Arts (Honours) Music – Mridangam – ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്ററുകളുടെ സിലബസിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കൺവീനർ, വിദഗ്ദ്ധ സമിതി, മ്യൂസിക് (UG & PG), Bachelor of Arts (Honours) Music-Mridangam സിലബസ്സിൽ ഒന്നാം സെമസ്റ്ററിലെ DSC/MDC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവയും രണ്ടാം സെമസ്റ്ററിലെ Rhythmology and Model Thani Avarthanam എന്ന കോഴ്സിന്റെ Course Code എന്നിവയും DSC/MDC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവയും മൂന്നാം സെമസ്റ്ററിലെ DSC/DSE/VAC വിഭാഗം കോഴ്സുകളുടെ Course Content, Mode of Assessment എന്നിവയും പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4783/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 102/26.05/17677/AC A16-3/2026**

**Bachelor of Science (Honours) Botany and Biotechnology (Double Major) പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്റർ സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Science (Honours) Botany and Biotechnology (Double Major) പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്ററിലെ DSC/DSE/SEC വിഭാഗം കോഴ്സുകളുടെ Course Level-ലെ typographical പിഴവ് തിരുത്തുന്നതിനും, Index പേജിൽ MG5DSEBBT302: Analytical Techniques in Plant Science എന്ന കോഴ്സിന്റെ Course Name -ലെ typographical പിഴവ് തിരുത്തുന്നതിനും MG5DSEBBT304: Recombinant DNA Technology, MG5SECBBT301: Scientific Communication in Research എന്നീ കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്കരിക്കുന്നതിനും, വിദഗ്ദ്ധ സമിതി, ബോട്ടണി (യു ജി), വിദഗ്ധ സമിതി, ബയോടെക്നോളജി (യു ജി), എന്നിവയുടെ സംയുക്ത യോഗം ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4797/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 103/26.05/40862/ACA16-2/2026**

**MGU-UGP (Honours) Regulations, 2024 – ഭേദഗതികൾ വരുത്തുന്നതിനുള്ള ശിപാർശ – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024, അക്കാദമിക് കൗൺസിൽ അംഗീകരിച്ച് സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത റഗുലേഷൻസിൽ ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനായി കൺവീനർ, ഉപസമിതി (നിയമങ്ങളും റഗുലേഷനുകളും), ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.05.2026 തീയതിയിലെ 4876/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 104/26.05/12178/AC A16-1/2026**

**Bachelor of Science (Honours) Food Science and Quality Control – അഞ്ചാം സെമസ്റ്റർ സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Science (Honours) Food Science and Quality Control പ്രോഗ്രാമിന്റെ സിലബസ് പരിഷ്കരിക്കുന്നതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിനായി വിദഗ്ധ സമിതി, Food Science and Quality Control (യു ജി) -യുടെ നേതൃത്വത്തിൽ ചേർന്ന യോഗം, പ്രസ്തുത പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്റർ സിലബസിലെ DSC, DSE, SEC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4784/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 105/26.05/125051/AC A16-3/2025**

**Bachelor of Arts (Honours) Economics പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്റർ സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ- സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Arts (Honours) Economics പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്ററിലെ DSE വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content എന്നിവ പരിഷ്ക്കരിക്കുന്നതിനും DSC/DSE/SEC വിഭാഗം കോഴ്സുകളുടെ Mode of Assessment പരിഷ്കരിക്കുന്നതിനും, വിദഗ്ദ്ധ സമിതി, ഇക്കണോമിക്സ് (യു.ജി), ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4788/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 106/26.05/38411/AC A12-2/2026**

**എം.ജി.യു ബി.വോക് (ഓണേഴ്സ്) റെഗുലേഷൻസ് 2025 – FYUGP റെഗുലേഷൻ കമ്മിറ്റി കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ. സുമേഷ് എ. എസ് സമർപ്പിച്ച എം.ജി.യു ബി.വോക് (ഓണേഴ്സ്) റെഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ്ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

FYUGP റെഗുലേഷൻ കമ്മിറ്റി കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ. സുമേഷ് എ. എസ്, എം.ജി.യു ബി.വോക് (ഓണേഴ്സ്) പ്രോഗ്രാമുകളുടെ റെഗുലേഷൻ ഭേദഗതി ചെയ്യുന്നതിനായി 22.04.2026 തീയതിയിൽ ശിപാർശ സമർപ്പിച്ചു. വൈസ് ചാൻസലർ 07.05.2026 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബി.വോക് പ്രോഗ്രാമുകളുടെ റെഗുലേഷനിലുള്ള ഭേദഗതി അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4749/ACA12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 107/26.05/35319/AC A12-2/2026**

**B.Voc. (Honours) Applied Accounting and Taxation/ Business Law and Management (Minor) – മൂന്നാം സെമസ്റ്ററിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:**

Accounting and Banking വിദഗ്ദ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Applied Accounting and Taxation പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Taxation and Economic Development in Kerala (MG3MDCAAT200) എന്ന കോഴ്സിന്റെ End Semester Evaluation (ESE) ലെ ചോദ്യ പേപ്പർ മാതൃകയിൽ തിരുത്തലുകൾ വരുത്തുന്നതിനും, മൂന്നാം സെമസ്റ്ററിലെ On the Job Training എന്ന കോഴ്സിന്റെ തെറ്റായി രേഖപ്പെടുത്തിയിരുന്ന കോഴ്സ് കോഡ് MG1SDCAAT103 എന്നത് MG3SDCAAT203 എന്നാക്കി മാറ്റുന്നതിനും, കോഴ്സ് ലെവൽ 100-199 എന്നത് 200-299 എന്നാക്കി മാറ്റുന്നതിനും ശിപാർശ സമർപ്പിച്ചിരുന്നു. അതോടൊപ്പം, Business Law and Management (Minor) ന്റെ മൂന്നാം സെമസ്റ്ററിലെ Business Management (MG3MPCBLM200) കോഴ്സിന്റെ End Semester Evaluation (ESE) ലെ ചോദ്യ പേപ്പർ മാതൃകയിലും തിരുത്തലുകൾ വരുത്തുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ 08.05.2026 തീയതിയിൽ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ സർവ്വകലാശാല ഉത്തരവും (നമ്പർ: 4789/AC A 12/2026/MGU), മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 108/26.05/41034/AC A17-2/2026**

**Mahatma Gandhi University Bachelor in Business Administration (BBA, BBA(Honours), BBA (Honours with Research)) Regulations, 2024 (as per AICTE norms) ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024 – 2025 അദ്ധ്യയന വർഷം മുതൽ AICTE -യുടെ കീഴിലേക്ക് മാറ്റപ്പെട്ട BBA പ്രോഗ്രാമിന് വേണ്ടി AICTE മാനദണ്ഡങ്ങളനുസരിച്ച് തയ്യാർ ചെയ്ത Mahatma Gandhi University Bachelor in Business Administration (BBA, BBA (Honours), BBA (Honours with Research)) Regulations, 2024 അംഗീകരിച്ചുകൊണ്ട് സർവ്വകലാശാല ഉത്തരവ് നം. 7319/LEGN/2024/MGU, തീയതി 08.08.2024 പുറപ്പെടുവിച്ചിരുന്നു. പിന്നീട്, പ്രസ്തുത റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനായി MGU-UGP നിയമങ്ങളും റഗുലേഷനുകളും സംബന്ധിച്ച ഉപസമിതി സമർപ്പിച്ച ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.05.2026 തീയതിയിലെ 4888/AC A 17/2026/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 109/26.05/40863/AC A17-2/2026**

**Mahatma Gandhi University Bachelor in Computer Applications (BCA, BCA(Honours), BCA(Honours with Research)) Regulations, 2024 (As per AICTE Norms) ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024-2025 അദ്ധ്യയന വർഷം മുതൽ AICTE-യുടെ കീഴിലേക്ക് മാറ്റപ്പെട്ട BCA പ്രോഗ്രാമിന് വേണ്ടി AICTE മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കിയ Mahatma Gandhi University Bachelor in Computer Applications (BCA, BCA (Honours), BCA (Honours with Research) Regulations, 2024 അംഗീകരിച്ച് സർവ്വകലാശാല ഉത്തരവ് നം. 1439/LEGN/2025/MGU, തീയതി 14.02.2025 പുറപ്പെടുവിച്ചിരുന്നു. പിന്നീട്, പ്രസ്തുത റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനായി MGU – UGP – നിയമങ്ങളും റഗുലേഷനുകളും സംബന്ധിച്ച

ഉപസമിതി സമർപ്പിച്ച ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.05.2026 തീയതിയിലെ 4890/AC A 17/2026/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 110/26.05/40727/AC A17-2/2026** **Bachelor in Computer Applications (Honours) - അഞ്ചും ആറും സെമസ്റ്ററുകളുടെ സിലബസ് അംഗീകരിക്കുന്നതിനുള്ള ബോർഡ് ഓഫ് സ്റ്റഡീസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (യു.ജി.) -യുടെ ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (യു.ജി.), Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ അഞ്ചും ആറും സെമസ്റ്ററുകളുടെ സ്കീമും സിലബസും അംഗീകരിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.05.2026 തീയതിയിലെ 4900/ACA 17/2026/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 111/26.05/11537/AC B6-4/2026** **CAT 2026 പ്രവേശന പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാലയും C-DIT ഉം ചേർന്നുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, വകുപ്പ് 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയും സി-ഡിറ്റും ചേർന്നുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4790/AC B 6/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 112/26.05/45584/AD B2-3/2025** **അഡിഷണൽ ആൻസർ ബുക്കുകളുടെ മുദ്രണം - പ്രതിഫലം അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച്:-**

6,66,000 എണ്ണം ഉത്തരക്കടലാസുകൾ സർവകലാശാലയിൽ വിതരണം ചെയ്തതിനു വരുത്തിയ കാലതാമസത്തിനനുസരിച്ച് ഇൻവോയ്സ് തുകയായ Rs.5,46,120/-രൂപയിൽ നിന്നും Rs.20,284 രൂപ പിഴപലിശ കുറച്ച് ബാക്കി തുക Rs. 5,25,836/- (അഞ്ചു ലക്ഷത്തി ഇരുപത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തിയാറു രൂപ മാത്രം) രൂപ M/s.ICN India Private Limited എന്ന സ്ഥാപനത്തിന് അനുവദിച്ചു കൊടുക്കുന്നതിനും പ്രസ്തുത ചെലവ് 2026-27 സാമ്പത്തിക വർഷത്തിലെ "22 201 04 - Printing, Stationary, Paper& Computer Consumables" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനുമുള്ള ധനകാര്യ വിഭാഗത്തിന്റെ ശിപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.05.2026 തീയതിയിലെ 4751/AD B2/2026/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 113/26.05/29398/AC B7-2/2026 (PART I)** **കോതമംഗലം മാർ അത്തനേഷ്യസ് സ്വയംഭരണ കലാലയത്തിൽ അക്കാദമിക വർഷം 2026-27 മുതൽ പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്**

കോതമംഗലം മാർ അത്തനേഷ്യസ് സ്വയംഭരണ കലാലയത്തിൽ അക്കാദമിക വർഷം 2026-27 മുതൽ ബിഎസ്സി (ഓണേഴ്സ്) ആക്ചേറിയൽ സയൻസ് (24 സീറ്റ്), ബിഎസ്സി (ഓണേഴ്സ്) കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (24 സീറ്റ്) എന്നീ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച്, മഹാത്മാഗാന്ധി സർവകലാശാല ആക്ട്

1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഡോ.ജോജി അലക്സ്, സിൻഡിക്കേറ്റ് അംഗം, ഡോ.റെജി.കെ.കൊല്ലിനാൽ, അസിസ്റ്റന്റ് പ്രൊഫസർ, ബിപിസി കോളേജ് പിറവം, ഡോ.ഷീബ.വി.റ്റി, അസിസ്റ്റന്റ് പ്രൊഫസർ, എൻഎസ്എസ് കോളേജ് ചങ്ങനാശേരി എന്നിവരെ പരിശോധനാ സമിതിയായി നിയമിച്ച് കൊണ്ട് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.05.2026-ലെ 4710/ACB7/2026/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 114/26.05/20278/CDOE 3-1/2026** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ - നാലു വർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന റെഗുലർ വിദ്യാർത്ഥികൾക്ക് ഓൺലൈനായി നൽകുന്ന AEC-MALAYALAM-ന്റെ രണ്ടാം സെമസ്റ്ററിലെ പുതുക്കിയ സിലബസ് മഹാത്മാഗാന്ധി സർവകലാശാല ആക്ട്,1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത്-സിൻഡിക്കേറ്റിനു മുൻപാകെ സമർപ്പിക്കുന്നതു സംബന്ധിച്ച് .**

CDOE-യുടെ നാലു വർഷ ഓൺലൈൻ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (FYUGP) AEC-MALAYALAM-ന്റെ രണ്ടാം സെമസ്റ്ററിലെ "തീയറ്റർ സാഹിത്യം" എന്ന കോഴ്സിന്റെ സിലബസ് ഓൺലൈൻ രീതിയിൽ പഠിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയതിനാൽ, രണ്ടാം സെമസ്റ്ററിലെ പ്രസ്തുത കോഴ്സ് ഒഴിവാക്കി പുതിയ കോഴ്സിന്റെ സിലബസ് തയ്യാറാക്കുവാൻ AEC-മലയാളത്തിന്റെ കോഴ്സ് കോഡിനേറ്ററായ പ്രൊഫ (ഡോ.) അജു.കെ.നാരായണനെ നിയമിച്ചു കൊണ്ടു വൈസ് ചാൻസലർ ഉത്തരവിട്ടിരുന്നു. അതിൻപ്രകാരം, പ്രൊഫ (ഡോ.) അജു കെ. നാരായണൻ തയ്യാറാക്കി സമർപ്പിച്ച "മത്സരപ്പരീക്ഷകളിലെ മലയാളം" എന്ന കോഴ്സിന്റെ സിലബസ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.05.2026-ലെ നമ്പർ:4754/CDOE 3/2026/MGU എന്ന സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം V സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 115/26.05/10584/CDOE 3-2/2025** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ- ഓൺലൈൻ പി ജി ഡിഗ്രി സർട്ടിഫിക്കറ്റിന്റെ മാതൃക, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത്- സിൻഡിക്കേറ്റിനു മുൻപാകെ സമർപ്പിക്കുന്നതു സംബന്ധിച്ച്**

സർവകലാശാല നിലവിൽ നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റ്, യു ജി സി നിഷ്കർഷിച്ചിരിക്കുന്ന മാറ്റങ്ങൾക്കു വിധേയമായി ഓൺലൈൻ പി ജി ഡിഗ്രി പ്രോഗ്രാമുകൾക്കു നൽകുവാൻ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.05.2026-ലെ നമ്പർ 4828/CDOE 3/2026/MGU എന്ന സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 116/26.05/40735/AC A12-2/2026** **എം.ജി.യു ബി.വോക് (ഓണേഴ്സ്) റെഗുലേഷൻസ് 2025 - FYUGP റെഗുലേഷൻ ഉപസമിതി കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ. സുമേഷ് എ. എസ് സമർപ്പിച്ച എം.ജി.യു ബി.വോക് (ഓണേഴ്സ്) റെഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

FYUGP റെഗുലേഷൻ ഉപസമിതി കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ. സുമേഷ് എ. എസ്, എം.ജി.യു ബി.വോക് (ഓണേഴ്സ്) പ്രോഗ്രാമുകളുടെ റെഗുലേഷൻ ഭേദഗതി ചെയ്യുന്നതിനായി 22.04.2026 തീയതിയിൽ ശിപാർശ സമർപ്പിച്ചു. വൈസ്ചാൻസലർ 07.05.2026 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബി.വോക് പ്രോഗ്രാമുകളുടെ റെഗുലേഷനിലുള്ള ഭേദഗതി അംഗീകരിക്കുകയും, തദനുസരണം 14.05.2026 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ: 4749/AC A 12/2026/MGU പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന്, FYUGP റെഗുലേഷൻ കമ്മിറ്റി കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ. സുമേഷ് എ. എസ്, എം.ജി.യു ബി.വോക് (ഓണേഴ്സ്) പ്രോഗ്രാമുകളുടെ റെഗുലേഷൻ വീണ്ടും പരിഷ്കരിക്കുന്നതിനായി 15.05.2026 തീയതിയിൽ സമർപ്പിച്ച ശിപാർശ, വൈസ്ചാൻസലർ 15.05.2026 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിക്കുകയും, തദനുസരണം 18.05.2026 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ: 4922/AC A 12/2026/MGU പുറപ്പെടുവിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 18.05.2026 തീയതിയിലെ ഉത്തരവ് 4922/AC A 12/2026/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 117/26.05/151401/AD A3-4/2023** **സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ജനറൽ പ്രോവിഡന്റ് ഫണ്ട്, മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.04.2026 മുതൽ 30.06.2026 വരെയുള്ള കാലയളവിലേക്ക് 7.1% പലിശ നിരക്ക് നിശ്ചയിച്ച് കൊണ്ടുള്ള, 27.04.2026-ലെ സ.ഉ (അച്ചടി)നം.59/2026/ധന നമ്പർ സർക്കാർ ഉത്തരവ് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.05.2026 തീയതിയിലെ 151401/AD A3-4/2023/AD A3 നമ്പർ സർക്കുലറും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 118/26.05/16838/AD A7-1/2026** **ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) - ൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ജിയോഗ്രഫി) എന്ന താത്കാലിക തസ്തികയിൽ നിയോഗം നടത്തുന്നതിനും, ടി തസ്തികയുടെ യോഗ്യത നിശ്ചയിച്ചും, കരാർ നിയോഗം സംബന്ധമായി വാക് - ഇൻ ഇന്റർവ്യൂ നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അനുമതി നൽകിയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, അനുച്ഛേദം 10 (17) അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച് ബഹ.വൈസ് ചാൻസിലർ സ്വീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP)-ൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ജിയോഗ്രഫി) എന്ന താത്കാലിക തസ്തികയിൽ നിയോഗം നടത്തുന്നതിനും, ടി തസ്തികയുടെ യോഗ്യത നിശ്ചയിച്ചും, കരാർ നിയോഗം സംബന്ധമായി വാക് - ഇൻ ഇന്റർവ്യൂ നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അനുമതി നൽകിയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, അനുച്ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.05.2026-ലെ 4870/ADA7/2026/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവു സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 119/26.05/5285/AD A1/1/2019** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസലറുടെ 30.04.2026 തീയതിയിലെ ഉത്തരവ് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

താഴെ പരാമർശിച്ചിരിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.04.2026-ലെ 4286/ADA1/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവു സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര്, PEN/UPEN, തസ്തിക | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീമതി ആനി ഈപ്പൻ, 1869/U15269, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -23 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. ബിജു എം.എസ്., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 4286/AD A1/2026/എം.ജി.യു., തീയതി: 30.04.2026. |
| 2. | ശ്രീമതി ഹേമ ജി. നായർ 1946/U13130, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -6 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2026 പൂർവ്വാഹ്നം മുതൽ | ശ്രീമതി ഷെബി ജോബ് പാലക്കുന്നേൽ, ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |
| 3. | ശ്രീമതി ബിന്ദു ഡി. ഭട്ട്, 2031/U13279, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -12 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. റാസിഫ് എ., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |
| 4. | ശ്രീമതി ഷൈലജ ടി.കെ., 1974/U13331, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -2 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. സാദിക് പി., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 120/26.05/107636/EA 2-1/2025**

**മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 6 സ്റ്റാറ്റ്യൂട്ട് 4 പ്രകാരം, പരീക്ഷാ ഫല പ്രഖ്യാപനത്തോടൊപ്പം സിൻഡിക്കേറ്റിന്റെ അനുമതിക്ക് വിധേയമായി ഡിഗ്രി/ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് അവാർഡ് ചെയ്ത് നൽകുന്നതിന് വൈസ് ചാൻസലർ അനുവാദം നൽകിയത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 6, സ്റ്റാറ്റ്യൂട്ട് 4 പ്രകാരം, പരീക്ഷാ ഫല പ്രഖ്യാപനത്തോടൊപ്പം സിൻഡിക്കേറ്റിന്റെ അനുമതിക്ക് വിധേയമായി ഡിഗ്രി അവാർഡ് ചെയ്ത് നൽകുന്നതിന് വൈസ് ചാൻസലർക്ക് അനുവാദം നൽകിക്കൊണ്ടും, ഇപ്രകാരം വൈസ് ചാൻസലർ കൈക്കൊള്ളുന്ന നടപടികൾ തൊട്ടടുത്ത സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതും സിൻഡിക്കേറ്റിന്റെ അംഗീകാരം നേടേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട് സർവ്വകലാശാല ഉത്തരവ് നം. 8650/EA 2/2025/എം.ജി.യു. തീയതി, 16.09.2025 പുറപ്പെടുവിച്ചിരുന്നു.

ആയതിൻ പ്രകാരം, 30.04.2026 മുതൽ 19.05.2026 വരെ ഫലം പ്രസിദ്ധീകരിച്ച സർവ്വകലാശാലാ പരീക്ഷകളിൽ, പരീക്ഷാഫല പ്രഖ്യാപനത്തോടൊപ്പം ഡിഗ്രി/ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അർഹരായ വിദ്യാർത്ഥികൾക്ക്, സിൻഡിക്കേറ്റിന്റെ അനുമതിക്ക് വിധേയമായി ഡിഗ്രി/ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് അവാർഡ് ചെയ്ത് നൽകുന്നതിന് വൈസ് ചാൻസലർ അനുവാദം നൽകിയിരുന്നു.

സർവ്വകലാശാല ഉത്തരവ് നം. 8650/EA 2/2025/എം.ജി.യു. തീയതി, 16.09.2025 പ്രകാരം വൈസ് ചാൻസലർ സ്വീകരിച്ച മേൽ നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

## (II) ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 121/26.05/66175/AC A1-1/2025** **കാതോലിക്കേറ്റ് കോളേജ് , പത്തനംതിട്ട സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നത് - സംബന്ധിച്ച് .**

പത്തനംതിട്ട, കാതോലിക്കേറ്റ് കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2023-24, 2024-'25, 2025'-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| College | Govt.NOC | Programme - Academic Year 2023-24 | Programme - Specialization Academic Year 2024-25 | Programme - Specialization Academic Year 2025-26 |
|---|---|---|---|---|
| Catholicate College, Pathanamthitta | G.O(Ms)No. 05/2026/HEDN Dated, 06.01.2026 | 1) B.Com Computer Applications<br>2)Bachelor of Computer Applications (BCA)<br>3)M.Com Finance and Taxation<br>4)Master of Tourism and Travel Management (MTTM) | 1. B.Com (Hons) - Logistics Management & Marketing<br>2. Bachelor of Computer Applications (Hons) (BCA)<br>3. M.Com Finance and Taxation<br>4. Master of Tourism and Travel Management (MTTM) - (ceased during 2025-26) | 1. B.Com (Hons) - Logistics Management & Marketing<br>2. Bachelor of Computer Applications (Hons) (BCA)<br>3. M.Com Finance and Taxation |

**ഇനംനമ്പർ 122/26.05/6735/AC A7-3/2026** **സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ St.Kuriakose College of Management & Science, Kuruppampady,Ernakulam - കോളേജ് 2026-27 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-.**

സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ St.Kuriakose College of Management & Science, Kuruppampady, Ernakulam സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) Economic (40) seats, B.Com (Hons) Accounting and Co-operation (50) seats എന്നീ പ്രോഗ്രാമുകൾ 2026-27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 123/26.05/124001/AC A7-3/2025** **സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ St.Thomas College of Advanced Studies, Edamury, Ranni, Pathanamthitta - കോളേജ് 2025-26 അധ്യയന വർഷത്തിൽ താത്കാലികമായി നിർത്തലാക്കിയ പ്രോഗ്രാം 2026-27 അധ്യയന വർഷത്തിലേക്കു പുനഃരംഭിക്കുന്നതിനായി അപേക്ഷ സംബന്ധിച്ച്-**

St.Thomas College of Advanced Studies, Edamury, Ranni, Pathanamthitta സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിൽ 2025-26 അധ്യയന വർഷത്തിൽ താത്കാലികമായി നിർത്തലാക്കിയ B.Com (Hons) Finance and Taxation & Accounting (40) seats പ്രോഗ്രാം 2026-27 അധ്യനവർഷത്തിൽ പുനരാംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 124/26.05/40462/AC A1-1/2020** **ശാന്തൻപാറ ഗവ. കോളേജ് - താത്ക്കാലിക അഫിലിയേഷൻ 2025 - 26 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച് :-**

ശാന്തൻപാറ, ഗവ. കോളേജിന് 2025-26 അദ്ധ്യയന വർഷം താത്ക്കാലിക അഫിലിയേഷൻ പുതുക്കിനൽകുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിന് 2025-26 അദ്ധ്യയന വർഷം താത്ക്കാലിക അഫിലിയേഷൻ പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 125/26.05/70525/AC A1-1/2024** **സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024 -'25, 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത് - സംബന്ധിച്ച് :-**

കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക്സ് കോളേജിൽ നടത്തുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024'-25, 2025-26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024-'25, 2025'-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt NOC | Course |
|---|---|---|
| St. Dominic's College, Kanjirapally | G.O(Ms)No.740/2025/ HEDN dated 03/11/2025 | 1. B.Com(Hons) - Accounting<br>2. B.Com(Hons) - Logistics Management<br>3. B.Voc Agriculture Technology<br>4. B.Voc Agro Food Processing<br>5. M.A English |

**ഇനംനമ്പർ 126/26.05/35314/AC B7-2/2025** **കോതമംഗലം, മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താത്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷത്തെയ്ക്ക് പുതുക്കുന്നത് സംബന്ധിച്ച്.**

കോതമംഗലം, മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താത്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 127/26.05/82636/AC A1-1/2023** **എടത്വ സെന്റ്. അലോഷ്യസ് - സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്- സംബന്ധിച്ച് :-**

എടത്വ സെന്റ്. അലോഷ്യസ് കോളേജിൽ നടത്തപെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| St. Aloysius College, Edathua, Alappuzha | G.O(Ms)No.721/2025/HEDN Dated: 24/10/2025<br>G.O(Ms)No.265/2026/HEDN Dated: 10/04/2026 | 1. BCom Computer Application<br>2. BSc. Physics - Electronic Equipment Maintenance<br>3. MSc. Zoology<br>4. M.A English |

**ഇനംനമ്പർ 128/26.05/109333/AC B7-1/2024** **എറണാകുളം മഹാരാജാസ് സർക്കാർ സ്വയംഭരണ കലാലയത്തിലെതിരായ പരാതി സംബന്ധിച്ച്**

മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്ത് നിന്ന് ജാഗ്രതക്കുറവ് ഉണ്ടായതിനാൽ ടി കോളേജ് പ്രിൻസിപ്പൽ ഇത്തരം വിഷയങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 129/26.05/23242/AC A7-1/2026** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - കീഴില്ലം, ഐ എൽ എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - പ്രോഗ്രാം താത്കാലികമായി നിർത്തലാക്കുന്നതിനും പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

കീഴില്ലം, ഐ എൽ എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCA (30 Seats), BCom Finance and Taxation (60 Seats), BBA (40 Seats), BSc Psychology (40 Seats) എന്നീ പ്രോഗ്രാമുകൾ 2025-26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 130/26.05/65065/AC A1-1/2025** **കുര്യാക്കോസ് ഏലിയാസ് കോളേജ് , മാന്നാനം - സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ചും ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിന് തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| Kuriakose Elias College, Mannanam | G.O(Ms)No.753/2025/HEDN Dated: 15/11/2025 | 1. BSc (Hons) Psychology<br>2. BSc (Hons) Physics -Electronic Systems and Programming<br>3. BCom (Hons) -Finance and Taxation<br>4. BCom (Hons)- Accounting<br>5. BCom (Hons)- Logistics Management<br>6. BSc (Hons) Computer Science- Data Science and Analytics<br>7. MSc Botany<br>8. MA English<br>9. M.Com Finance & Taxation<br>10. Master of Social Works (MSW) |

**ഇനംനമ്പർ 131/26.05/22213/AC A7-3/2026** **സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ SANJO COLLEGE, RAJAKKAD, IDUKKI 2026-2027 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

SANJO COLLEGE, RAJAKKAD, IDUKKI സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ MA English (20), Bcom Logistics Management (60) എന്നീ പ്രോഗ്രാമുകൾ 2026-27 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 132/26.05/15941/AC A1-1/2026** **സെന്റ് അലോഷ്യസ് കോളേജ്, എടത്വ - M.Sc Zoology എന്ന സ്വാശ്രയ പ്രോഗ്രാം 2026-'27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച്.**

എടത്വ, സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ രീതിയിൽ നടന്നു വന്നിരുന്ന M.Sc Zoology എന്ന സ്വാശ്രയ പ്രോഗ്രാം 2026-'27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 133/26.05/21621/AC A1-1/2026** **അൽഫോൻസാ കോളേജ് പാലാ - എം . എ ഇംഗ്ലീഷ് എന്ന സ്വാശ്രയ പ്രോഗ്രാം 2026-'27 അദ്ധ്യയന വർഷത്തിൽ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനു സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

പാലാ, അൽഫോൻസാ കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ എം. എ ഇംഗ്ലീഷ് എന്ന സ്വാശ്രയ പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം താൽകാലികമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 134/26.05/117687/EI 31-3** **പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി. (Hons.) കോഴ്സ്- രണ്ടാം സെമസ്റ്റർ സെപ്റ്റംബർ 2025 റഗുലർ പരീക്ഷയിൽ, പൂത്തോട്ട , ശ്രീ നാരായണ ലോ കോളേജിലെ, ഹൃദ്യ വിനോദ് എന്ന വിദ്യാർത്ഥിനിയിൽ ആരോപിക്കപ്പെട്ട പരീക്ഷ ക്രമക്കേട് സംബന്ധിച്ച വിഷയം- അന്വേഷണ കമ്മീഷൻ റിപ്പോർട്ട്- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 135/26.05/80998/CBCSS9-3/2024** **ആലുവ കെ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജിലെ ബി ബി എ വിദ്യാർത്ഥിയായ KIRAN MS (PRN 220021080860) നാലാം സെമസ്റ്റർ സി ബി സി എസ് ഏപ്രിൽ 2024 പരീക്ഷയിൽ ക്രമക്കേട് ആരോപിക്കപ്പെട്ടത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തിയത് സംബന്ധിച്ച് :**

പ്രസ്തുത വിഷയത്തിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 136/26.05/16093/P&D 2-1/2026** **കാലടി ശ്രീ ശങ്കരാ കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഡോ.വിവേക് രാമകൃഷ്ണൻ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ.ശ്രീകല എം എസ് കോ - ഇൻവെസ്റ്റിഗേറ്ററുമായ റിസർച്ച് പ്രോജക്റ്റിന്റെ ഭാഗമായി ANERT, തിരുവനന്തപുരവും ശ്രീ ശങ്കരാ കോളേജ്, കാലടി - യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് - സംബന്ധിച്ച്.**

കാലടി ശ്രീ ശങ്കരാ കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഡോ.വിവേക് രാമകൃഷ്ണൻ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ശ്രീകല എം എസ് കോ-ഇൻവെസ്റ്റിഗേറ്ററുമായ "Design and Fabrication of PV Driven PEC Device for Optimised Photoelectrochemical Production of Hydrogen (SRI-09/2023-24)"എന്ന പ്രോജക്റ്റിന്റെ നടത്തിപ്പിനായി, ANERT, തിരുവനന്തപുരവും ശ്രീ ശങ്കരാ കോളേജ്, കാലടി-യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ സർവ്വകലാശാലയ്ക്ക് നിയമപരമോ സാമ്പത്തികമോ ആയ ബാദ്ധ്യത വരാത്ത വിധത്തിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 137/26.05/1068/P&D 2-1/2026** **DE'THRI (Drahma Eastern Theological and Historical Research Institute) Foundation, പൂനെ - യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് - സംബന്ധിച്ച്.**

DE'THRI (Drahma Eastern Theological and Historical Research Institute) Foundation, പൂനെ-യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി സർവ്വകലാശാലയ്ക്ക് നിയമപരമോ സാമ്പത്തികമോ ആയ ബാദ്ധ്യത വരാത്ത വിധത്തിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഔട്ട് ഓഫ് അജൻഡ**

**ഇനംനമ്പർ: ഒ.എ്യ.01/26.05** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties – reg.**

Resolved to award Certificate/Degree/Diploma to successful candidates of Autonomous Colleges under the University, who have followed University regulations under different faculties till 20.05.2026.

Also resolved to ratify the action taken by the Vice-Chancellor in awarding the Degree/Diploma/Certificate, in concurrence with the approval of the Syndicate, to the successful candidates who have passed various examinations conducted by the University, under different faculties during the period from 30.04.2026 to 19.05.2026.

**ഇനംനമ്പർ: ഒ.എ്യ.02/26.05** **Awarding of Ph.D. Degree – reg.**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 20.05.2026 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|
| 1. | 85452/AC A10-2/2025 | Binu Raj<br>Lakshmi Aparnna/69<br>Kadungalloor<br>Ernakulam | Dr. Raju S<br>Professor (Retd) &<br>Research Guide<br>School of Social Sciences<br>Mahatma Gandhi University | Nil | History/ Social Sciences | A Political geography of Pundarikakottatha *swaroopam* : from late 17th C to early 18th C |
| 2 | 117467/AC A14-2/2025 | Smt. Vigi George M<br>Maliyakkal(H)<br>SDA-Navodaya Road<br>Vadavathur P O<br>Kottayam-686 010 | Dr. Hari N<br>Professor in Botany,<br>C.M.S College, Kottayam,<br>Kerala, India | Nil | Botany / Science | Systematics and Phylogeny of Sapindaceae in Kerala: A Comparative Anatomical and Molecular Study with Historical Biogeographic Insights |
| 3 | 95303/AC A2-3/2025 | Dona George<br>Karackatt (H)<br>Near S.F.S Seminary<br>Ettumanoor P.O.<br>Kottayam<br>Pin – 686 631 | Dr. Liss Marie Das<br>Associate Professor &<br>Research Guide<br>Research Centre in English<br>St. Xavier's College for Women (Autonomous),<br>Aluva<br>Ernakulam – 683 101 | Nil | English/ Language & Literature | The Posthuman Predicament in the Select Works of Kazuo Ishiguro and Margaret Atwood |
| 4 | 121333/AC A14-2/2025 | Smt. Syama Prabha<br>Vadakkemadappillil (H)<br>Perumbilly P O<br>Mulanthuruthy<br>Ernakulam<br>Pin-682 314 | Dr. Basil George,<br>Assistant Professor,<br>Department of Botany,<br>CMS College,<br>Kottayam, Pin – 686001 | Nil | Botany / Science | Bioprospecting of Indigenous Cyanobacteria for Phycobiliproteins: Purification, Characterisation, Strategic Enhancement, and Applications |

| | | | | | | |
|---|---|---|---|---|---|---|
| 5 | 121406/AC A14-3/2025 | Smt. Meenu Thampi<br>Karthika House<br>Anayadi P.O<br>Sooranad (N)<br>Pathanamthitta<br>Pin - 690 561 | Dr. Jisha M S<br>Professor<br>School of Bio-Sciences<br>Mahatma Gandhi University<br>Kottayam-686 560 | Nil | Biosciences (Biochemistry)/ Science | Abiotic Stress Tolerance Mechanisms Exhibited by Endophytic Bacteria in Rice (*Oryza sativa* L.) |
| 6 | 95914/AC A15-2/2025 | Smt. Anju E M<br>Puthiyedathu(H)<br>Aimury.<br>Koovappady P.O.<br>Perumbavoor | Dr. K. Sailaja<br>Professor<br>Department of Hindi<br>Maharaja's College<br>Ernakulam- 682011 | Nil | Hindi/ Language & Literature | MYTREYI PUSHPA KE KATHA SAHITYA MEIN SANSKRUTIK SANKAT |
| 7 | 65103/ ACA11-2/2025 | Suma M. Abraham<br>Alencherry<br>Nalukodi P. O.<br>Changanacherry -686548 | Prof. Dr. Joe Prasad Mathew,<br>Research Guide,P.G. Dept of Zoology,<br>Dean- Research and Development,<br>St. Berchmans College (Autonomous)<br>Changanacherry- 686101, Kerala. | Nil | Zoology / Science | Assessment of Selected trace metal concentration in the sediment and various trophic levels of Vembanad lake ecosystem |
| 8 | 95285/AC A15-1/2025 | Smt. Fousiya A M<br>Ashariparambil House<br>Muppathadam P.O.<br>Aluva - 683110 | Dr. Neena T S<br>Professor(Rtd)<br>Department of Philosophy<br>Maharaja's College<br>Ernakulam | Nil | Philosophy/ Social Sciences | A PHILOSOPHICAL ANALYSIS OF RABINDRANATH TAGORE'S EDUCATIONAL IDEALS AND EXPERIMENTS: ITS CONTEMPORARY RELEVANCE |
| 9 | 87320/AC A15-2/2025 | Smt. Sajna V A<br>Varmel (H) 14/2032<br>Pathinettu Kandam Lane<br>Thangal Nagar<br>Palluruthy<br>Kochi-682006 | Dr. K. Sailaja<br>Professor<br>Department of Hindi<br>Maharaja's College<br>Ernakulam- 682011 | Nil | Hindi/ Language & Literature | HINDI HYKU KAVITA MEIN JEEVAN-DARSHAN |
| 10 | 115623/AC A10-1/2025 | RENJU JOSEPH<br>Cherukara House,<br>Vennikulam P. O.<br>Pathanamthitta<br>PIN - 689544 | Dr. Jaya Jacob M<br>Assistant Professor in Commerce,<br>St Thomas College,<br>Kozhencherry | Nil | Commerce/ Commerce | SERVICE QUALITY, CUSTOMER EXPERIENCE AND BEHAVIOURAL INTENTIONS IN KERALA STATE FINANCIAL ENTERPRISES LIMITED |

**ഇനംനമ്പർ: ഒ.എ.03/26.05/60613/AD A4-3/2024 മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

PWD സ്പെഷ്യൽ റൂൾസ് പ്രകാരവും മഹാത്മാഗാന്ധി സർവ്വകലാശാല ഓർഡിനൻസ് 2023 പ്രകാരവും ഓവർസിയർ ഗ്രേഡ് 2 തസ്തികയിലേക്ക് നേരിട്ടും പ്രൊമോഷൻ മുഖേനയും നിയമനം നടത്താം എന്ന വ്യവസ്ഥ പരിഗണിച്ച് ഓവർസിയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇലക്ട്രീഷൻ തസ്തികയിൽ നിന്നും ഡിപ്ലോമ ഹോൾഡർ, സർട്ടിഫിക്കറ്റ് ഹോൾഡർ എന്നിവരിൽ നിന്നും പ്രൊമോഷൻ വഴിയും പി.എസ്.സി. മുഖേന നേരിട്ടും 1:1 അനുപാദത്തിൽ നിയമനം നടത്തുന്നതിനും നിലവിലുള്ള നാല് ഓവർസിയർ ഗ്രേഡ് 1, രണ്ട് ഓവർസിയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ) തസ്തികകളുടെ എണ്ണം യഥാക്രമം 3 വീതമായി ക്രമപ്പെടുത്തുന്നതിനും, രണ്ട് ഓവർസിയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ) വേക്കൻസികൾ യോഗ്യരായ ഇലക്ട്രീഷ്യൻമാരിൽ നിന്നും പ്രൊമോഷൻ വഴി നികത്തുന്നതിനും, ഒരു ഓവർസിയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ) വേക്കൻസി പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.04/26.05/114204/AD A4-2/2024** **മഹാത്മാഗാന്ധി സർവകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം അനുവദിക്കുന്നത്/ആയതിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സർവകലാശാലാ ഓർഡിനൻസ് ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.**

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 4 വർഷ സർവീസും ബിരുദ യോഗ്യതയും, സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ, അക്കൗണ്ട് ടെസ്റ്റ് ലോവർ എന്നീ വകുപ്പ് തല പരീക്ഷകളിൽ വിജയിച്ചിട്ടുള്ളതുമായ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തിക വരെയുള്ള ജീവനക്കാർക്ക് സെക്രട്ടേറിയറ്റ്, മറ്റ് സർവകലാശാലകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയപോലെ അസിസ്റ്റന്റ് തസ്തികയിലേക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ അസിസ്റ്റന്റ് തസ്തികയുടെ ആകെ എണ്ണത്തിന്റെ 3% തസ്തികമാറ്റ നിയമനത്തിനായി ഈ സർവകലാശാലയിലും നീക്കിവയ്ക്കുന്നതിനും തസ്തികമാറ്റ നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.05/26.05/97615/AD A5-1/2022** **സർവ്വകലാശാലാ സേവനത്തിൽ നിന്നും 31.05.2026 തീയതിയിൽ വിരമിക്കുന്ന ശ്രീമതി. ധിജീത രവീന്ദ്രൻ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I-ന്റെ സേവനപുസ്തകത്തിൽ പ്രൊവിഷണൽ സർവീസ് എന്ന് ചേർത്തിരിക്കുന്ന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് :-**

ശ്രീ. അശോകൻ പി എസും മറ്റ് നാല് പേരും ചേർന്ന് സമർപ്പിച്ച WP(C) 27750 of 2019 നമ്പർ ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, ടിയാളുകൾക്ക് സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച നാൾ മുതലുള്ള സർവീസ് സർവകലാശാലാ സർവീസായി പരിഗണിച്ച് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർവ്വകലാശാല കൈകൊണ്ടിട്ടുള്ള തീരുമാനം ശ്രീമതി ധിജീത രവീന്ദ്രനു കൂടി ബാധകമാക്കി ടിയാൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.06/26.05/2088/ACA1** **മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ, കോളേജ് യൂണിയൻ, ഡി.എസ്.യു പ്രവർത്തനങ്ങൾ - യൂണിയൻ ഭാരവാഹികൾക്കും സംഘാടക സമിതി അംഗങ്ങൾക്കും യൂണിയൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനാൽ നഷ്ടപ്പെടുന്ന ക്ലാസുകൾക്ക് ഹാജർ അനുവദിക്കുന്ന വിഷയം - സിൻഡിക്കേറ്റുതല കമ്മിറ്റിയുടെ റിപ്പോർട്ട് - പരിഗണിക്കുന്നത് - സംബന്ധിച്ച്**

25.02.2026 തീയതിയിലെ 2088/AC A 1/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.07/26.05/4623/ACA1/2026** **അപകടം, ഗുരുതര രോഗം എന്നിവ മൂലം ഹാജർ നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കണ്ടോണേഷൻ അനുവദിക്കുന്നതിനുള്ള വിഷയത്തിൽ സിൻഡിക്കേറ്റുതല കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കുന്നത് - സംബന്ധിച്ച്.**

12.05.2026 തീയതിയിലെ 4623/AC A 1/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.08/26.05** **സർവ്വകലാശാലയിലെ അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, ജീവനക്കാർ എന്നിവർ സംയുക്തമായി നടത്തിയ ശില്പശാലയിൽ മുന്നോട്ടുവെച്ച പ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, ജീവനക്കാർ എന്നിവർ സംയുക്തമായി നടത്തിയ ശില്പശാല മുന്നോട്ടുവെച്ച പ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഈ നടപടികൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ

കൈക്കൊള്ളുന്നതിനും വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നു. അതോടൊപ്പം, ശില്പശാലയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ, സർവ്വകലാശാലയിൽ കോൾ സെന്ററും സ്റ്റുഡന്റ് സർവ്വീസ് ഡെസ്കും പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.09/26.05** **School of Energy Materials-ൽ Research Associate (on Contract)-നെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 11.03.2026 തീയതി കൂടിയ സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം - അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

School of Energy Materials-ൽ Research Associate-നെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 11.03.2026 തീയതി കൂടിയ സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം അംഗീകരിക്കുന്നതിനും, അനുയോജ്യരായ അപേക്ഷകരെ കണ്ടെത്താത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തിക പുനർവിജ്ഞാപനം ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.10/26.05** **Proceedings of the Selection Committee constituted for the selection of Senior Software Developer (on temporary contract basis) held on 19.05.2026 - Approval -reg**

Resolved to approve the proceedings of the Selection Committee constituted for the selection of Senior Software Developer (on a temporary contract basis), held on 19.05.2026. Further resolved to approve the rank lists prepared by the Selection Committee and to make appointments from the rank lists.

**ഇനംനമ്പർ: ഒ.എ്.11/26.05** **പി.എച്ച്.ഡി. - വിരമിച്ച ഗവേഷണ മാർഗദർശികളുടെ കീഴിൽ ഗവേഷണം തുടരുന്നത് - സംബന്ധിച്ച് :-**

24.04.2026 തീയതിയിലെ 17482/AC A10-4/2026/FO SECTION നമ്പർ സർവ്വകലാശാല സർക്കുലർ താൽക്കാലികമായി പിൻവലിക്കുന്നതിനും, ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനു ശേഷം പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.12/26.05/15040/ACA9** **National Commission for Allied and Healthcare Professions പുറപ്പെടുവിച്ച വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.**

B.Sc. and M.Sc. Clinical Nutrition & Dietetics-ന്റെ Expert Committee രൂപീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.13/26.05** **Dual Post Graduate Programme in Journalism and Mass Commnunication - കൊച്ചി St. Teresa's College (Autonomous) ഉം, Leeds Beckett University, UK-യും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിലുള്ള Memorandum of Agreement അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

കൊച്ചി St. Teresa's College (Autonomous)-ൽ Dual Post Graduate Programme in Journalism and Mass Commnunication പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് St. Teresa's College (Autonomous), Kochi-യും Leeds Beckett University, UK-യും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ഒപ്പു വയ്ക്കുന്നതിനായി സമർപ്പിച്ച Memorandum of Agreement (MOA) അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.14/26.05/110202/AD A5-2/2025** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ റിസേർച്ച് സ്കോളറായ ശ്രീ. ആശിഷ് ജോസഫ് തന്റെ ഓപ്പൺ ഡിഫെൻസുമായി ബന്ധപ്പെട്ട് ഹാൾ വാടക ഇനത്തിൽ അമിത തുക ഈടാക്കിയെന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് :-**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.15/26.05** **School of Computer Sciences – Appointment of Assistant Professors on contract for handling Graduate School classes –reg**

Resolved to appoint two additional Assistant Professors on contract basis for handling classes for the Graduate School students under the 4+1 Year Integrated Programme.

**ഇനംനമ്പർ: ഒ.എ്.16/26.05/118472/EN 6-1/2025** **ഇലാഹിയ കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസിൽ നിന്നും ലഭിച്ച Cost Accounting എന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ അടങ്ങിയ പായ്ക്കറ്റിൽ ഒരു ഉത്തരക്കടലാസ് കാണാതായത് സംബന്ധിച്ച വിഷയത്തിൽ രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.17/26.05/96586/AC A9-2/2025** **M.Sc. Health Economics and Technology Assessment (M.Sc.HETA) എന്ന പ്രോഗ്രാം അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് Economics (PG) വിദഗ്ധസമിതി സമർപ്പിച്ച ശിപാർശകളിന്മേൽ ലഭിച്ച സിൻഡിക്കേറ്റ് സമിതി റിപ്പോർട്ട് – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.18/26.05/24007/p&D1/3/2019** **സർവകലാശാലാ ക്യാമ്പസിലെ ത്രിവേണി ക്വാർട്ടേഴ്സിൽ പുതിയൊരു playground നിർമ്മിക്കുന്ന പ്രവൃത്തിക്കായി ₹5,58,600/- (അഞ്ചു ലക്ഷത്തി അമ്പത്തി എണ്ണായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച് :-**

1. സർവകലാശാലാ ക്യാമ്പസിലെ ത്രിവേണി ക്വാർട്ടേഴ്സിൽ പുതിയൊരു playground നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും,
2. മേൽ പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹5,58,600/- (അഞ്ചു ലക്ഷത്തി അമ്പത്തി എണ്ണായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,
3. ടി ചെലവ് സർവ്വകലാശാലയുടെ നടപ്പു സാമ്പത്തിക വർഷത്തെ " 25 101 11 Amphi Theatre , Rest Room for Ladies/Gents, New Canteen/ Infrastructure Development " എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.19/26.05** **സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം – Printing and Publishing and Museology and Museum Management കോഴ്സുകൾ തുടങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

Printing and Publishing and Museology and Museum Management കോഴ്സുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, പ്രസ്തുത കോഴ്സുകൾ DASP-ന്റെ കീഴിൽ നടത്തുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.20/26.05** **ശ്രീ. ജോജി ജോസഫ്, മാത്തമാറ്റിക്സ് വിഭാഗം, സെന്റ് അലോഷ്യസ് കോളേജ്, എടത്വാ – സ്ഥാനക്കയറ്റം – സംബന്ധിച്ച്.**

13.03.2026 തീയതി കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-അപ്രൂവൽ-ന്റെ തീരുമാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.21/26.05** **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിരമിച്ച ജീവനക്കാരുടെ ജി.ഐ.എസ്. സഞ്ചിതനിധി നിർണ്ണയിക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നത് –ശ്രീ. റോയി കുരുവിള, ശ്രീ. ഉണ്ണികൃഷ്ണൻ ജി, ശ്രീ. ജയമോഹൻ ബി എന്നിവർ സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി–ഫിനാൻസ്–ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.22/26.05/22759/P&D 1-1/2026** **സിൽവർ ജൂബിലി പരീക്ഷാഭവൻ കെട്ടിടത്തിന്റെ 4, 5 നിലകളിലെ ഹാളുകളിൽ ശീതീകരണ സംവിധാനം ഒരുക്കുന്നതിനായി എയർ കണ്ടീഷണറുകൾ, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ, സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുക എന്നീ പ്രവൃത്തിക്കായി ₹1,77,31,859/- (ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി അമ്പത്തിയൊൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച്**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-പ്ലാനിംഗ് & ഡവലപ്മെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.23/26.05/4669/AD B 4/2026** **സർവകലാശാലയിലെ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ എൻട്രി/എക്സിറ്റ്-ലും CCTV ക്യാമറകൾ സ്ഥാപിക്കുന്നത് – സംബന്ധിച്ച്**

113 CCTV ക്യാമറകൾ ഉൾക്കൊള്ളിച്ച ₹50,56,086/– (അമ്പത് ലക്ഷത്തി അമ്പത്താറായിരത്തി എൺപത്തി ആറു രൂപ മാത്രം)– ടെ പ്രൊപ്പോസൽ M/s ULCCS എന്ന സ്ഥാപനം സമർപ്പിച്ചത് അംഗീകരിക്കുന്നതിനും, തദനുസരണമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും, "വാങ്ങൽ വില നിലവിലുള്ള മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ അല്ല" എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയ സാക്ഷ്യപത്രം സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.24/26.05** **നിലവിലെ അംഗീകൃത CSR പോളിസി ഡോക്യുമെന്റ് പരിഷ്കരിക്കുന്നത് – സിന്റിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി സമർപ്പിച്ച പരിഷ്കരിച്ച പോളിസി അംഗീകരിക്കുന്നത് – സംബന്ധിച്ച്**

നിലവിലെ അംഗീകൃത CSR പോളിസി ഡോക്യുമെന്റ് പരിഷ്കരിക്കുന്നതിന് രൂപീകരിച്ച, സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി സമർപ്പിച്ച പരിഷ്കരിച്ച CSR പോളിസി അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.25/26.05/2147/AD A 9/2026** **DSU – 2017–2018 വർഷത്തിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനങ്ങൾക്കായി സ്റ്റാഫ് അഡ്വൈസർ ആയിരുന്ന ഡോ.പി ആർ ബിജു (PEN – 2617) (വകുപ്പ് മേധാവി, സ്കൂൾ ഓഫ് പ്യൂവർ & അപ്ലൈഡ് ഫിസിക്സ്) ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകകളുടെ ക്രമീകരണം – സംബന്ധിച്ച്**

ഡോ. പി ആർ ബിജു നൽകിയ വിശദീകരണം പരിഗണിച്ച്, പിഴപ്പലിശ ഒഴിവാക്കി മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.26/26.05/120401/P&D 1-2/2024** **Construction of 200 KLD Sewage treatment plant using MBBR Technology with pipeline network at Mahatma Gandhi University Phase I at Mahatma Gandhi University, Kottayam-M/s Integrated Rural Technology Centre (IRTC), Mundoor P O, Palakkad സമർപ്പിച്ച ₹4,38,84,000/- ടെൻഡർ – യൂണിവേഴ്സിറ്റി ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ –സംബന്ധിച്ച്:-**

ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച്, Construction of 200 KLD Sewage treatment plant using MBBR Technology with pipeline network at Mahatma Gandhi University Phase-I പദ്ധതിക്കായി ക്ഷണിച്ച

ലിമിറ്റഡ് ടെൻഡറിൽ 6% centage charge ഉൾപ്പെടെ ഏറ്റവും കുറവ് തുക (L1 bidder) ₹4,38,84,000/- quote ചെയ്ത സർക്കാർ അംഗീകൃത Non-PMC ആയ M/s Integrated Rural Technology Centre (IRTC), Mundoor P O, Palakkad എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിനും, ടി സ്ഥാപനത്തിനെ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി തെരെഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.27/26.05/4731/CDOE 1/2026** **CDOE ഓൺലൈൻ പ്രോഗ്രാമുകളുടെ ഡിജിറ്റൽ മാർക്കറ്റിംഗിന്റെ ഭാഗമായി Concept Communication Ltd.-ന് നൽകേണ്ട തുകയുമായി ബന്ധപ്പെട്ട് പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് - സംബന്ധിച്ച്,**

CDOE ഓൺലൈൻ പ്രോഗ്രാമുകളുടെ ഡിജിറ്റൽ മാർക്കറ്റിംഗിന്റെ ഭാഗമായി Concept Communication Ltd. -ന് നൽകേണ്ട തുകയുമായി ബന്ധപ്പെട്ട് നിമയിച്ച പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.28/26.05/41857/AC B7-1/2025** **ചങ്ങനാശ്ശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ എം.സി.എ പ്രോഗ്രാം സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.**

ചങ്ങനാശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷത്തിൽ MCA പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അപേക്ഷ പ്രകാരം നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ടും AICTE-യുടെ അംഗീകാരവും പരിഗണിച്ച്, കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ MCA-30 സീറ്റ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.29/26.05/14929/AC B7-1/2026** **ചങ്ങനാശ്ശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026 -27 അക്കാദമിക് വർഷം മുതൽ ബി.ബി.എ പ്രോഗ്രാം സ്വാശ്രയ അടിസ്ഥാനത്തിൽ (30 സീറ്റ്) ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ചു സിൻഡിക്കേറ്റ് പരിശോധന സമിതിയുടെ റിപ്പോർട്ട് സംബന്ധിച്ച്**

ചങ്ങനാശേരി എസ്.ബി സ്വയംഭരണ കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബി.ബി.എ (ഓണേഴ്സ്)-30 സീറ്റ് എന്ന പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ടും, പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള AICTE-യുടെ അംഗീകാരവും പരിഗണിച്ച്, കോളേജിൽ 2026-27 അക്കാദമിക വർഷം മുതൽ ബി.ബി.എ (ഓണേഴ്സ്)-30 സീറ്റ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.30/26.05/29671/ACB7** **എറണാകുളം മഹാരാജാസ് സർക്കാർ സ്വയംഭരണ കോളേജ് - പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്.**

എറണാകുളം മഹാരാജാസ് സർക്കാർ സ്വയംഭരണ കോളേജ് പ്രിൻസിപ്പലിന്റെ 20.05.2026 തീയതിയിലെ ഇ-മെയിൽ പ്രകാമുള്ള, പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പരിഗണനാ ലിസ്റ്റ് (1. B.Sc. Statistics with Biostatistics and Data Science(Honours), 2. B.Sc. (Hons) Data Science, Artificial Intelligence and Cloud Technology) അംഗീകരിക്കുന്നതിനും, തദനുസരണം പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പരിശോധനാ സമിതിയായി പ്രൊഫ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), പ്രൊഫ. സിമി സെബാസ്റ്റ്യൻ, ഗവ. കോളേജ്, കട്ടപ്പന (സബ്ജക്ട് എക്സ്പെർട്ട്), ഡോ. ലീന സി ശേഖർ, അസോസിയേറ്റ് പ്രൊഫസ്സർ, എം.ഇ.എസ്. കോളേജ്, നെടുങ്കണ്ടം (സബ്ജക്ട് എക്സ്പെർട്ട്) എന്നിവരെ നിയമിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.31/26.05/3054/P&D 2/2026** **സർവ്വകലാശാല സ്റ്റുഡന്റ് വെബ് സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് അഗസ്റ്റിൻ, കുന്നേൽ വീട്, തൊടുപുഴ 17.02.2026 തീയതിയിൽ ഇ-മെയിൽ മുഖേന സമർപ്പിച്ച പരാതി - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്.**

21.03.2026 തീയതിയിലെ 3054/P&D 2/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.32/26.05/5654/AC A6-3/2026** **വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും ഇതേ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Manusankar C, Dr. Prathibha P H എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.33/26.05/116197/AC A6-3/2025** **കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നല്കിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും ഇതേ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Ann Susa Thomas, Dr. Priya Mathews എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.34/26.05/39690/DSS3/2023** **മഹാത്മാഗാന്ധി സർവ്വകലാശാല - ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻ്റ്സ് വെൽഫെയർ - 2026-'27 അധ്യയന വർഷത്തെ മഹാത്മാഗാന്ധി സർവകലാശാലയിലെ ഓട്ടോണമസ് ഉൾപ്പെടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ടീച്ചിങ് ഡിപ്പാർട്മെന്റുകൾ/ സ്കൂളുകൾ/ സെന്ററുകൾ എന്നിവയിലെ - Ph.D Full Time Regular (പരമാവധി ആറ് വർഷം വരെ) ഉൾപ്പെടെ - ഇൻഷ്വർ ചെയേണ്ട മൊത്തം വിദ്യാർത്ഥികൾക്കുടെയും വിവരങ്ങളും പ്രീമിയം തുകയായ (Rs. 57,85,472/-) അൻപത്തിയേഴ് ലക്ഷത്തി എൺപത്തിഅയ്യായിരത്തി നാന്നൂറ്റി എഴുപത്തിരണ്ട് രൂപയും ഒറ്റ തവണയായി ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നതിനും - അനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.-**

a. 2026-'27 അധ്യയന വർഷത്തെ മഹാത്മാഗാന്ധി സർവകലാശാലയിലെ ഓട്ടോണമസ് ഉൾപ്പെടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും/ടീച്ചിങ് ഡിപ്പാർട്മെന്റുകൾ/സ്കൂളുകൾ/ സെന്ററുകൾ എന്നിവയിലെ - Ph.D Full Time Regular (പരമാവധി ആറ് വർഷം വരെ) ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നതിനും.

b. 2025-2026 അദ്ധ്യയന വർഷം സർവ്വകലാശാല ഇൻഷ്വർ ചെയ്ത മൊത്തം വിദ്യാർത്ഥികളുടെ എണ്ണം ആയ 1,23,200 (ഒരു ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂറ്) കണക്കിലെടുത്തുകൊണ്ട് ഒറ്റ തവണ തീർപ്പാകുന്നതിന്റെ ഭാഗമായി 2026-2027 അദ്ധ്യയന വർഷത്തെ സർവ്വകലാശാല ഇൻഷ്വർ ചെയേണ്ട മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 1,23,200 (ഒരു ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂറ്) എന്ന് കണക്കാക്കി (1,23,200 Nos x Rs. 46.96/- =Rs.57,85,472/-) അൻപത്തിയേഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി നാന്നൂറ്റി എഴുപത്തിരണ്ട് രൂപ ഒറ്റ തവണയായി ഇൻഷ്വറൻസ് സ്ഥാപനമായ Securus Insurance Brokers (India Pvt.Ltd ), 40/9451D, Thomsun Annex, AchuthaWarriar Lane MG Road Ernakulam 682035 എന്ന The New India Assurance Company Ltd-യുടെ ബ്രോക്കിങ് കമ്പനി അക്കൗണ്ടിലേക്ക് അനുവദിച്ച് ആയത് കൈമാറുന്നതിനും 2026-27 വർഷാവസാനം ബാക്കി തുക തീർപ്പാക്കി നടപടികൾ പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: ഒ.എ.35/26.05/67047/DSW3/2025** | **മഹാത്മാഗാന്ധി സർവകലലാശായിലെ ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർഥികളിൽ നിന്നും ഈടാക്കുന്ന സ്റ്റുഡന്റ് എയ്ഡ് ഫണ്ട് (SAF) 2026-2027 ന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച്:-** |

സ്റ്റുഡൻറ് എയ്ഡ് ഫണ്ട് (SAF) 2026 - 2027 ൻറെ വിനിയോഗം സംബന്ധിച്ച് DSW ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: ഒ.എ.36/26.05/9718/DSW 1/2026** | **മഹാത്മാഗാന്ധി സർവ്വകലാശാല - ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡൻറ്സ് വെൽഫെയർ - സർവകലാശാല ഇന്റർ കോളേജിയേറ്റ് യൂത്ത് ഫെസ്റ്റിവൽ 2026 "INAIMAI - 2026" സ്റ്റിയറിംഗ് കം അപ്പലൈറ് കമ്മിറ്റി 06.03.2026 തീയതിയിൽ കൈകൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് യൂത്ത് ഫെസ്റ്റിവൽ മാനുവൽ - 2026-ൽ ഭേദഗതി വരുത്തുനത് - സംബന്ധിച്ച്.-** |

06.03.2026 തീയതിയിൽ കൂടിയ കലോത്സവ സ്റ്റിയറിംഗ് കം അപ്പലൈറ് കമ്മിറ്റി, മഹാത്മാഗാന്ധി സർവകലാശാലവഇന്റർ കോളേജിയേറ്റ് യൂത്ത് ഫെസ്റ്റിവൽ മാനുവൽ 2026-ൽ ഭേദഗതി വരുത്തുന്നതിനായി സമർപ്പിച്ച ശിപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: ഒ.എ.37/26.05/112143/AD A2-2/2025** | **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സുബില കെ. ബി. ടി സ്കൂളിലെ പ്രൊഫസറായ ഡോ. രാജു ഫ്രാൻസിസിനു എതിരെ സമർപ്പിച്ച പരാതിയിൽ 19.02.2026-ലെ സർവ്വകലാശാല ഉത്തരവ് 1744/ADA2/2026/MGU പ്രകാരം നിയമിതമായ അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച് :-** |

19.02.2026 തീയതിയിലെ 1744/ADA2/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: ഒ.എ.38/26.05/26323/CBCSS18-3** | **ബാലഗ്രാം, ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ് - നാലാം സെമസ്റ്റർ MGU-UGP (Hons) സ്റ്റുഡന്റ് കോഴ്സ് സെലക്ഷൻ അപ്രൂവൽ പ്രിൻസിപ്പൽ പാനലിൽ നിന്നും യഥാസമയം പൂർത്തിയാക്കാത്തതിനെ തുടർന്ന് പിഴ ഈടാക്കിയത് - രണ്ട് സിൻഡിക്കേറ്റ് യോഗങ്ങൾ ഒരേ വിഷയത്തിൽ സമാനമായ തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യം - 07.04.2026 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്.** |

26.02.2026 തീയതിയിലെ സിന്ഡിക്കേറ്റ് യോഗ തീരുമാന പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോളേജ് 21.04.2026 തീയതിയിൽ പിഴ തുക ഒടുക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ 07.04.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ, ഇനം നമ്പർ 92/26.03/4737/CBCSS 18-3/2026 പ്രകാരമുള്ള തീരുമാനം പിൻവലിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: ഒ.എ.39/26.05/39894/DSWSO/2026** | **ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ - 12.05.2026 - ന് വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ (2023 - 24) യോഗത്തിന്റെ ശിപാർശകൾ സംബന്ധിച്ച്:-** |

1. ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ (DSW) കൈകാര്യം ചെയ്യുന്ന 57004095168 നമ്പറിലുള്ള സർവകലാശാല യൂണിയൻ ഫണ്ട് അക്കൗണ്ടിൽ കുറഞ്ഞത് ₹10,00,000/- (പത്ത് ലക്ഷം രൂപ) നിലനിർത്തുന്നതിനും, ടി അക്കൗണ്ടിലെ തുകയുടെ 80% വിനിയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ, ഫിനാൻസ് ഓഫീസറെ അറിയിക്കുന്ന മുറയ്ക്ക് ബജറ്റ് വിഹിതം കവിയാതെ വീണ്ടും ₹10,00,000/- നിലനിർത്തുന്നതിനുമായി പുറപ്പെടുവിച്ച സർവകലാശാല

ഉത്തരവ് നമ്പർ 8646/ADA5/2025/എം.ജി.യു., തീയതി 16.09.2025 -ലെ ₹10,00,000/- (പത്ത് ലക്ഷം രൂപ) എന്ന പരിധി ₹15,00,000/- (പതിനഞ്ച് ലക്ഷം രൂപ) ആയി വർദ്ധിപ്പിക്കുവാനും, നിലവിലുള്ള "80% വിനിയോഗം" എന്ന വ്യവസ്ഥയ്ക്ക് പകരം ടി അക്കൗണ്ടിലെ ബാലൻസ് ₹5,00,000/- (അഞ്ച് ലക്ഷം രൂപ) ആയി കുറയുന്ന ഘട്ടത്തിൽ ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ, ഫിനാൻസ് ഓഫീസറെ അറിയിക്കേണ്ടതും, അതനുസരിച്ച് ആവശ്യമായ തുക recoup ചെയ്യേണ്ടതുമാണെന്നുള്ള 12.05.2026 - ന് വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന ശിപാർശ അംഗീകരിച്ച് നടപ്പിലാക്കുന്നതിനും,

2. School of Indian Legal Thought-നു കീഴിലുള്ള SILT Department Students Union (SILT DSU)-ന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും അനുബന്ധ സാമ്പത്തിക കാര്യങ്ങളും ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയറിന് കൈമാറിക്കൊണ്ടുള്ള സർവകലാശാല ഉത്തരവ് നമ്പർ 3212/ADA5/2026/എം.ജി.യു, തീയതി 24.03.2026-ന്റെ അടിസ്ഥാനത്തിൽ, Joint Account No. 41517264430, ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ-ന്റെ SILT DSUF Account ആയി പരിവർത്തനം ചെയ്യുന്നതിനായുള്ള യോഗത്തിന്റെ ശിപാർശയും അംഗീകരിച്ച് നടപ്പിലാക്കുന്നതിനും,

3. മേൽ സൂചിപ്പിച്ച അക്കൗണ്ടുകളിൽ നിന്നും വിദ്യാർത്ഥികൾക്ക് മുൻകൂർ തുക നൽകുന്നതിനും ആയത് ക്രമീകരിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ-ന്റെ ഡയറക്ടറിലും സെക്ഷൻ ഓഫീസറിലും നിക്ഷിപ്തമായിരിക്കുമെന്നും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.40/26.05/14505/EI 15-3/2025** **എം.ടെക് കോഴ്സ്- 2008 അഡ്മിഷൻ (2008 -2010 ബാച്ച്) വിദ്യാർത്ഥി ആയ ശ്രീ വിവേക് രാജു, രജിസ്റ്റർ നമ്പർ: 16161,IV Semester M Tech Special Mercy Chance Examination for Thesis Evaluation and Viva Voce പരീക്ഷ എഴുതാൻ അനുവദിക്കണമെന്ന അപേക്ഷ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - എക്സാമിനേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.41/26.05** **സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ അസ്സോസിയേറ്റ് പ്രൊഫസർ, ഡോ. ആന്റണി എസ്-ന്റെ പ്രൊമോഷൻ നടപടികൾ പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ അദ്ധ്യാപകനായ ഡോ. ആന്റണി എസ്.-ന്, CAS പ്രൊമോഷനുവേണ്ടി മുൻകാല സർവീസ് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട്, സർക്കാരിന്റെ അന്തിമ തീർപ്പിന് വിധേയമായി ഡോ. ആന്റണി എസ്.-ന്റെ പ്രൊമോഷൻ നടപടികൾ റദ്ദാക്കിക്കൊണ്ട് പുറപ്പെടുവിച്ച 29.04.2017-ലെ 2392/AII/3/2017 നമ്പർ ഉത്തരവ് റദ്ദാക്കുന്നതിനും, അദ്ദേഹത്തിന്റെ പ്രൊമോഷൻ നടപടികൾ പുനഃസ്ഥാപിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരുന്നു. അതിൻപ്രകാരം സർവ്വകലാശാലാ ഉത്തരവ് 4887/AD A2/2026/MGU തീയതി 18.05.2026 പുറപ്പെടുവിക്കുകയും, 19.05.2026 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.05.2026-ലെ 4887/AD A2/2026/MGU നമ്പർ സർവ്വകലാശാലാ ഉത്തരവിൽ, "സർക്കാരിന്റെ തീരുമാനത്തിന് വിധേയമായിരിക്കും" എന്ന വ്യവസ്ഥ കോടതി ഉത്തരവിന് വിരുദ്ധമാകുമെന്നതിനാൽ, മാറ്റിക്കൊണ്ട് ടി ഉത്തരവ് പരിഷ്കരിക്കുകയും ഇതിൻപ്രകാരം സർവ്വകലാശാലാ ഉത്തരവ് 4993/AD A2/2026/MGU തീയതി 19.05.2026 പുറപ്പെടുവിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട മേൽനടപടികളും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ്.42/26.05**

**സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് (SMBS) – അസിസ്റ്റന്റ് പ്രൊഫസർ (ഓൺ കോൺട്രാക്ട്) നിയമനം നടത്തുന്നത് – വകുപ്പ് മേധാവി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് വകുപ്പ് മേധാവിയുടെ അപേക്ഷ പരിഗണിച്ച്, താഴെ പരാമർശിച്ച പ്രകാരം രണ്ട് അസിസ്റ്റന്റ് പ്രൊഫസർ (ഓൺ കോൺട്രാക്ട്) തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

| Designation | No of Post | Qualification | Specification |
|---|---|---|---|
| Assistant Professor (on contract) | 2 | MBA with UGC NET | MBA with HRM/Marketing/Finance |

**ഇനംനമ്പർ: ഒ.എ്.43/26.05**

**KN Raj School of Economics – Appointment of Teachers on Contract Basis – Appointment of Coordinator/Joint Director and Faculty Members – Approved – reg.**

Resolved to appoint one retired senior faculty on contract basis as Coordinator/Joint Director and one faculty member each on contract basis in the following areas of specialization for the K N Raj School of Economics:

i. Business Economics and Communication

ii. Quantitative Methods/Statistics

iii. Micro Economics.

**ഇനംനമ്പർ: ഒ.എ്.44/26.05**

**സ്കൂൾ ഓഫ് ബയോസയൻസസ് – സർവീസ് കേബിളുകൾ, ഐസൊലേഷൻ സ്വിച്ചുകൾ, പാനൽ ബോർഡുകൾ മുതലായവ മാറ്റി സ്ഥാപിക്കുന്നതും അനുബന്ധ പ്രവൃത്തികളും – സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബയോസയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് എന്നീ സ്കൂളുകളിലെ സർവീസ് കേബിളുകൾ, ഐസൊലേഷൻ സ്വിച്ചുകൾ, പാനൽ ബോർഡുകൾ മുതലായവ മാറ്റി സ്ഥാപിക്കുന്നതും അനുബന്ധ പ്രവൃത്തികളും നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ ഒരുമിച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി എൻജിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.45/26.05**

**MGU Innovation Foundation – സ്കിൽ പാർട്ണറായി അംഗീകരിക്കുന്നതിനായി ഡയറക്ടർ സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

MGU Innovation Foundation-നെ സ്കിൽ പാർട്ണർ ആയി അംഗീകരിക്കുന്നതിനും, കോഴ്സുകളുടെ സിലബസ് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.46/26.05**

**CDOE-യിലെ പുതിയ സ്റ്റുഡിയോകൾ, വിവിധ വകുപ്പുകളിലെ സ്റ്റുഡിയോ മുറികൾ, ഓഫീസ് അക്കാദമിക് ആവശ്യങ്ങൾ എന്നിവയിലേക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ഭരണാനുമതിയും – സംബന്ധിച്ച്.**

പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.47/26.05** **സെന്റർ ഫോർ നാനോ സയൻസ് & നാനോ ടെക്നോളജി മുൻ ജോയിന്റ് ഡയറക്ടറായിരുന്ന ഡോ. നന്ദകുമാർ കളരിക്കൽ മുൻകൂർ തുക ക്രമീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

2009 കാലയളവിൽ ആണ് സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി എന്ന സ്ഥാപനം ആരംഭിച്ചത്. ആ കാലയളവിൽ ഓഫീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സ്റ്റാഫ് ഇല്ലാത്ത സാഹചര്യം ആയിരുന്നു ആയതിനാലാണ് ബില്ലുകൾ കൃത്യസമയത്തു ക്രമീകരണത്തിനായി സമർപ്പിക്കാൻ സാധിക്കാതെ വന്നത് എന്ന് ഡോ. നന്ദകുമാർ കളരിക്കൽ അറിയിച്ചിരിക്കുന്നു. 2009–ൽ സെന്റർ ഫോർ നാനോസയന്സ് ആൻഡ് നാനോടെക്നോളജി എന്ന സ്ഥപനം ആരംഭിക്കുകയും അത് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയന്സ് ആൻഡ് നാനോടെക്നോളജിയും പിന്നീട് ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ നാനോടെക്നോളജി ആയും വളർന്നു വന്നു; സർവ്വകലാശാലയിലെ സെന്റർ ഫോർ നാനോസയന്സ് ആൻഡ് നാനോ ടെക്നോളജി ഇങ്ങനെ പടുത്തുയർത്തുന്നതിലും അതുവഴി സർവകലാശാലയ്ക്കു ധാരാളം നേട്ടങ്ങൾ കൈവരിക്കുന്നതിലും മുഖ്യ പങ്കുവഹിച്ച ആളാണെന്നും ടിയാൾ അറിയിച്ചിരിക്കുന്നു.

മേൽ വസ്തുതകൾ പരിഗണിച്ചും, ഡോ. നന്ദകുമാർ കളരിക്കൽ സർവ്വകലാശാലയ്ക്കു നല്കിയ സേവനങ്ങളും നേട്ടങ്ങളും കണക്കിലെടുത്തും ടിയാളുടെ പേരിൽ യു.ഒ. നം.5609/P&D II/09/Admin തിയതി 11.12.2009 പ്രകാരം അനുവദിച്ച 35000/– രൂപയും, യു.ഒ. നം 177/P & D II/2010/Admn തിയതി 05.01.2010 പ്രകാരം അനുവദിച്ച 15,000/– രൂപയും പിഴപലിശ ഒഴിവാക്കി ക്രമീകരിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.48/26.05** **MGU UGP – MDC – Kerala Specific Content – Syllabus അംഗീകാരം നൽകുന്നത് – സംബന്ധിച്ച്.**

MGU UGP യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള MDC – Kerala Specific Content–ന്റെ നിലവിൽ തയ്യാറാക്കിയിട്ടുള്ള സിലബസ് പരിശോധിച്ച് ശിപാർശകൾ നൽകുന്നതിന് ഡീൻ, ഫാക്കൽറ്റി ഓഫ് ലാങ്വേജ് & ലിറ്ററേച്ചർ–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.49/26.05** **സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് – ഡയറക്ടറെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് – സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡയറക്ടറായി ഡോ. പ്രഗാഷ് ആർ, റിട്ടയേഡ് പ്രിൻസിപ്പൽ (ഇൻ ചാർജ്ജ്), ഗവ. കോളേജ്, നാട്ടകം, കോട്ടയം–നെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനും പ്രതിമാസ ഓണറേറിയം 35000/– രൂപയായി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.50/26.05** **സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) – വർദ്ധിപ്പിച്ച തുക ഫെല്ലോഷിപ്പായി നൽകുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല ഉത്തരവ് നമ്പർ 2992/AC A6/2026/എം.ജി.യു. തീയതി 19.03.2026 പ്രകാരം സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) ₹15000 രൂപയായി വർദ്ധിപ്പിച്ചു. 2023 അഡ്മിഷൻ Ph.D. വിദ്യാർത്ഥികളുടെ മൂന്നാം വർഷത്തെ ഫെല്ലോഷിപ്പ് തുകയായി വർദ്ധിപ്പിച്ച തുക നല്കുന്നതിനും 2024 വർഷത്തെ Ph.D. അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ആദ്യ വർഷം മുതൽ തന്നെ വർദ്ധിപ്പിച്ച തുക ഫെല്ലോഷിപ്പായി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.51/26.05** **സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 2026–27 അധ്യയന വർഷം മുതൽ പുതുതലമുറ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് – പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ പരിഗണിക്കുന്നത് – സംബന്ധിച്ച്.**

സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 2026–27 അധ്യയന വർഷം മുതൽ ഓരോ കോളേജിലും 2 വീതം പുതുതലമുറ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും താഴെ പട്ടിക പ്രകാരമുള്ള കോളേജുകളിലെ കോഴ്സുകൾ സർക്കാരിന്റെ അനുമതിക്കു വിധേയമായും BCA പ്രോഗ്രാമുകൾ AICTE –യുടെ അംഗീകാരത്തിന് വിധേയമായും 2026–27 അദ്ധ്യയനവർഷം മുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

| No | College | No | Programme | Type | Intake |
|---|---|---|---|---|---|
| 1 | Al Ameen College, Edathala | 1 | BSc.(Hons)Psychology | Aided | 24 |
| 2 | Alphonsa College, Pala | 1 | Bachelor of Physical Education and Sports (Hons) | Aided | 40 |
| 3 | Aquinas College, Edakochi. | 1 | BSW(Hons) | Aided | 40 |
| | | 2 | BSc.(Hons)Psychology | Aided | 24 |
| 4 | BPC College, Piravom | 1 | BSc.(Hons) Psychology | Aided | 24 |
| | | 2 | Bachelor of Sports Management (Hons) | Aided | 40 |
| 5 | DB College, Thalyolaparamb | 1 | BSc.(Hons) Geology | Aided | 24 |
| | | 2 | BSc.(Hons) Cyber Forensics | Aided | 24 |
| 6 | DB Pamba College, Parumala | 1 | BSc. (Hons)Computer Science with Specialisation in AI & Data Science | Aided | 24 |
| 7 | Government Arts and Science College, Vypin. | 1 | MA English Language and Literature | Aided | 20 |
| 8 | Government College, Tripunithura | 1 | BSc.(Hons) Psychology | Aided | 24 |
| 9 | Govt College, Kattappana | 1 | BCom (Professional Accounting) (Hons) | Aided | 30 |
| 10 | Govt College, Munnar. | 1 | Bachelor of Tourism and Travel Management (Hons) | Aided | 30 |
| 11 | KE College, Mannanam | 1 | BSW (Hons) | Aided | 40 |
| 12 | Kesari Arts & Science College, North Paravur | 1 | B.A(Hons) Sociology | Aided | 30 |
| | | 2 | B.Sc (Hons) Biotechnology | Aided | 24 |
| 13 | Mar Thoma college, Perumbavoor | 1 | B.Com(Hons) | Aided | 32 |
| | | 2 | B.Sc Analytical Chemistry (Hons) | Aided | 24 |
| 14 | Mar Thoma College,Thiruvalla | 1 | BCA (Hons) | Aided | 40 |
| 15 | MES College, Nedumkandam | 1 | Bachelor of Tourism and Travel Management (Hons) | Aided | 30 |
| | | 2 | Bachelor of Sports Management (Hons) | Aided | 30 |
| 16 | Newman College, Thodupuzha | 1 | B.A.(Hons)Mutimedia | Aided | 30 |
| 17 | Pavanatma College, Murickassery | 1 | MSc. Computer Science (Data Analytics) | Aided | 12 |
| 18 | SAS SNDP Yogam College, Konni | 1 | BSc.(Hons) Psychology | Aided | 24 |
| | | 2 | B.A (Hons) Animation and Graphic Design | Aided | 40 |
| 19 | SN Trusts Arts and Science College, Pambanar | 1 | B.A(Hons) Animation and Graphic Design | Aided | 40 |
| | | 2 | BCA (Hons) | Aided | 40 |
| 20 | Sree Narayana Arts & Science College, Kumarakom | 1 | B.A (Hons) Animation and Graphic Design | Aided | 40 |
| | | 2 | BSc.(Hons)Psychology | Aided | 24 |
| 21 | Sree Sabareesa College Murikkumvayal | 1 | BSW (Hons) | Aided | 30 |
| | | 2 | MA Malayalam | Aided | 20 |
| 22 | Sree Sankara College Kalady | 1 | BSc.Hons) Computer Science | Aided | 24 |
| | | 2 | BSc(Hons) Pschology | Aided | 24 |
| 23 | SSV College, Valaanchirangara | 1 | BCA (Hons) | Aided | 40 |
| | | 2 | Bachelor of Physical Education and Sports (Hons) | Aided | 40 |
| 24 | St.Aloysius College, Edathua. | 1 | BSc.(Hons) Clinical Nurition and Dietetics | Aided | 24 |

| | | | | | |
|---|---|---|---|---|---|
| 25 | St.Dominic's College, Kanjirappally. | 1 | BSc.(Hons) Psychology | Aided | 24 |
| | | 2 | Bachelor of Physical Education and Sports (Hons) | Aided | 30 |
| 26 | St.George'College, Aruvithara | 1 | MSW | Aided | 20 |
| 27 | St.Mary'sCollege, Manarcaud | 1 | BSc. Computer Science (Hons) | Aided | 24 |
| | | 2 | BSc.(Hons) Food Technology &Quality Assurance | Aided | 24 |
| 28 | St.Paul's College, Kalamasssery | 1 | B.Sc(Hons)Psychology | Aided | 24 |
| | | 2 | BCA(Hons) | Aided | 40 |
| 29 | St.Xavier's College, Vaikom | 1 | BSc. (Hons) Computer Science | Aided | 24 |
| | | 2 | BSW (Hons) | Aided | 40 |
| 30 | The Cochin College | 1 | BSW (Hons) | Aided | 40 |
| | | 2 | BSc.(Hons) Psychology | Aided | 24 |
| 31 | Tribal Arts & Science College, Nadukani. | 1 | BCom(Hons) | Aided | 40 |
| 32 | Catholicate college, Pathanamthitta | 1 | BSc.(Hons) Psychology | Aided | 24 |

കൂടാതെ താഴെ പട്ടിക പ്രകാരമുള്ള കോഴ്സുകൾ സിലബസ് അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ അനുമതിക്കു വിധേയമായി 2026-27 അദ്ധ്യയന വർഷം മുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

| No | College | No | Programme | Type | Intake |
|---|---|---|---|---|---|
| 1 | Al Ameen College, Edathala | 1 | BSc.(Hons) Data Science | Aided | 24 |
| 2 | Alphonsa College, Pala | 1 | B.A (Hons) Pubic Policy and Governance | Aided | 40 |
| 3 | DB Pamba College, Parumala | 1 | MA English in Creative Writing | Aided | 12 |
| 4 | Government Arts and Science College, Vypin | 1 | Integrated MCom with Specialisation in Financial Econometrics and Data Analytics | Aided | 20 |
| 5 | Government College, Tripunithura | 1 | BSc. (Hons)Statistics with Data Science | Aided | 24 |
| 6 | Govt Arts & Science College, Santhampara | 1 | BSc. (Hons)Compter Science with Artificial Intelligence | Aided | 24 |
| | | 2 | BSc.(Hons)Artificial Intelligence and Data Science | Aided | 24 |
| 7 | Govt College, Kattappana | 1 | BSc.(Hons) Statistical Data Science with AI | Aided | 24 |
| 8 | Govt. College,Kottayam. | 1 | MSc. Botany and Plant Science Technology | | 12 |
| 9 | KE College, Mannanam | 1 | BSc.(Hons) Data Science and Applied Statistics | Aided | 24 |
| 10 | Mar Thoma College,Thiruvalla | 1 | BA (Hons) Fashion ,Media and Cultural Studies | Aided | 30 |
| 11 | Newman College, Thodupuzha | 1 | M.Sc Cinical Psychology | Aided | 12 |
| 12 | Pavanatma College, Murickassery | 1 | BSc.(Hons)Quantum Computing | Aided | 24 |
| 13 | SNM College,Maliankara. | 1 | BSc.(Hons)Artificial Intelligence and Data Science | Aided | 24 |
| | | 2 | BA(Hons) Econometrics & Data Management | Aided | 25 |
| 14 | St.Aloysius College, Edathua. | 1 | Bachelor of Tourism and Hospitality Management (Hons) | Aided | 24 |

| | | | | | |
|---|---|---|---|---|---|
| 15 | St.George'College, Aruvithara | 1 | B.Sc(Hons) Statistics with Data Analytics | Aided | 24 |
| 16 | St.Stephen's College, Uzhavoor | 1 | BSc.(Hons)Biomedical Instrumentation | Aided | 24 |
| | | 2 | Bachelor of Tourism & Hospitality Management (Hons) | Aided | 40 |
| 17 | St.Thomas College, Kozhencherry | 1 | BSc. Statisics and Business Analytics | Aided | 24 |
| 18 | Tribal Arts & Science College, Nadukani | 1 | BSc. ( Hons) Artificial Intelligence & Data Science | Aided | 24 |
| 19 | Catholicate college, Pathanamthitta | 1 | Bsc(Hons)) Artificial Intelligence & Machine Learning | Aided | 24 |

കൂടാതെ, 14.03.2026 തീയതിയിലെ G.O.NO 203/2026/HDEN പ്രകാരം Angamaly Morning Star College –ൽ 2026–2027 അക്കാദമിക വർഷം മുതൽ Bachelor of Physical Education and Sports, BA Airline, Tourism and Hospitality Management എന്നീ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് സാൻങ്ഷൻ ലഭ്യമായിട്ടുള്ളതിനാൽ ടി കോളേജിൽ Bachelor of Physical Education and Sports (40 seats) പ്രോഗ്രാം 2026–2027 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിനും BA Airline, Tourism and Hospitality Management (40 seats) പ്രോഗ്രാം സിലബസ് അംഗീകരിക്കുന്ന മുറയ്ക്ക് 2026–2027 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,

20.05.2026

**രജിസ്ട്രാർ**